# ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

## ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിനെ സംബന്ധിക്കുന്ന സ്ഥിതിവിവര കണക്ക് 2023-2024

| ഇൻഡക്സ് | | |
|---|---|---|
| അധ്യായം | വിഷയം | പേജ്.നം. |
| 1. | പ്രൊഫൈൽ | 3–10 |
| 2. | വകുപ്പിലെ പ്രധാന സ്ഥാപനങ്ങൾ | 11–12 |
| 3. | വകുപ്പ് കൈവരിച്ച പ്രധാന നേട്ടങ്ങൾ | 13–29 |
| 4. | ഓൺലൈൻ സംവിധാനം അവലോകനം | 30 |
| 5. | 2022–23 കാലയളവിലെ ഫാക്ടറി പരിശോധനാ വിവരങ്ങൾ | 31 |
| 6. | 2023– 24 കാലയളവിൽ വകുപ്പ് സംഘടിപ്പിച്ച പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ | 31 |
| 7. | അപകട സ്ഥിതി വിവരങ്ങൾ (ഫാറ്റൽ & നോൺ ഫാറ്റൽ) | 32 |
| 8. | കേരളത്തിലെ ഫാക്ടറികളിലെ അപകട ഇൻസിഡന്റ് റേറ്റ് വിവരങ്ങൾ | 33 |
| 9. | അപകട സ്ഥിതി വിവരങ്ങൾ (ദേശീയ ഇൻസിഡൻസ് റേറ്റ്) | 34–35 |
| 10. | പ്രോസിക്യൂഷൻ വിവരങ്ങൾ | 36 |
| 11. | അടുത്ത അഞ്ചു വർഷക്കാലം വകുപ്പ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ | 37–50 |

# അധ്യായം -1
# പ്രൊഫൈൽ

## 1. ആമുഖം

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് 1961-ലെ ജി.ഒ. (എം.എസ്) നം. 920/61/HLD എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് രൂപം കൊണ്ടത്. അന്ന് നിലവിലുണ്ടായിരുന്ന തൊഴിൽ വകുപ്പ് വിഭജിച്ചാണ് ഈ വകുപ്പ് രൂപവൽക്കരിച്ചത്. സംസ്ഥാനത്തെ ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യ - സുരക്ഷാ - ക്ഷേമ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ വരുത്തുക , വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുക എന്നിവയായിരുന്നു മുഖ്യലക്ഷ്യങ്ങൾ. അതനുസരിച്ച്, തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും തൊഴിൽശാലകളുടെ പ്രവർത്തനഫലമായി യാതൊരു വിധത്തിലുള്ള അപകടവും തൊഴിൽജന്യ രോഗങ്ങളും ഉണ്ടാകാത്ത വിധത്തിൽ നിയമപരമായി നിയന്ത്രിക്കുകയും തൊഴിലാളി ക്ഷേമ നിയമങ്ങൾ വ്യവസായശാലകളിൽ നടപ്പാക്കുകയും ചെയ്യുന്നു. ഇതിനായി ഈ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ യഥാകാലം ഫാക്ടറികളും ബോയിലറുകളും പരിശോധിക്കുകയും അനുയോജ്യമായ ആരോഗ്യ സുരക്ഷാ നിർദ്ദേശങ്ങൾ നൽകുകയും, അവ പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു.

കേരളത്തിലെ രജിസ്റ്റേഡ് ഫാക്ടറികളിൽ ജോലി ചെയ്യുന്ന ഏകദേശം 7 ലക്ഷം തൊഴിലാളികളുടെയും അപകട തീവ്രതയുള്ള ഫാക്ടറികളുടെ സമീപത്തുവസിക്കുന്ന പൊതുജനങ്ങളുടെയും സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ ഫാക്ടറീസ് ആക്ട് 1948, കേരള ഫാക്ടറീസ് റൂൾസ് 1957, കേരള ഫാക്ടറീസ് (MAH) റൂൾസ് 2005, ബോയിലർ ആക്ട് 1923 ഉൾപ്പെടെയുള്ള 20-ഓളം വിവിധ നിയമങ്ങളിലൂടെ തൊഴിലിടങ്ങളിൽ ഉറപ്പുവരുത്തി തൊഴിൽ അപകടങ്ങളും തൊഴിൽജന്യ രോഗങ്ങളും വ്യാവസായിക ദുരന്തങ്ങളും ഇല്ലാതാക്കുന്ന നിയമപരമായ എൻഫോഴ്സ്മെന്റ് അധികാരം നിക്ഷിപ്തമായ വകുപ്പാണ് ഫാക്ടറീസ് & ബോയിലേഴ്സ്.

e-governance പോളിസിയുടെ ഭാഗമായി മുഖ്യ സേവനങ്ങളായ ഫാക്ടറികളുടെയും ബോയിലറുകളുടെയും രജിസ്ട്രേഷൻ, കെട്ടിട നിർമ്മാണ പെ ർമിറ്റ്, ലൈസൻസ് അനുവദിക്കൽ, പുതുക്കൽ എന്നിവ നിലവിൽ ഡിജിറ്റൽ ഒപ്പിട്ട് ഓൺലൈനായി നൽകിവരുന്നു. ഫാക്ടറികളുടെയും ബോയിലറുകളുടെയും പരിശോധന അപകടകരമായ നിർമാണ പ്രക്രിയയിലേർപ്പെട്ടിരിക്കുന്ന ഫാക്ടറി തൊഴിലാളികളുടെ വൈദ്യപരിശോധന, അപകട സാധ്യത കൂടിയ MAH ഫാക്ടറികളിലുള്ള മൾട്ടിഡിസിപ്ലിനറി ടീമിന്റെ പ്രയോറിറ്റി ഇൻസ്പെക്ഷൻ, ഹസാർഡസ്, ഡെയിഞ്ചറസ് തുടങ്ങിയ ഫാക്ടറികളിൽ നടത്തുന്ന സേഫ്റ്റി സെൽ പരിശോധന, ഇൻഡസ്ട്രിയൽ ഹൈജീൻ സ്റ്റഡി, അൺ രജിസ്റ്റേഡ് ഫാക്ടറികളെ കണ്ടെത്തുന്നതിനുള്ള സ്ക്വാഡ് പരിശോധനകൾ എന്നിവയാണ് ഈ വകുപ്പിന്റെ മുഖ്യ പ്രവർത്തനങ്ങൾ.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന പദ്ധതിയിൽ 8.8 (goal 8.8) ലക്ഷ്യം വിഭാവനം ചെയ്യുന്ന “സുസ്ഥിര സാമ്പത്തിക വളർച്ചയിൽ എല്ലാവർക്കും മാന്യമായ ജോലിയും സാമ്പത്തിക വളർച്ചയും" എന്ന ആശയം മുൻനിർത്തികൊണ്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികളിൽ കഴിഞ്ഞ പത്ത് വർഷകാലത്തെ അപകടസ്ഥിതിവിവര കണക്ക് ശേഖരിച്ച് അവ വകുപ്പിലെ സാങ്കേതിക വിദഗ്ധ സംഘം പരിശോധിച്ച് നിർമ്മാണ മേഖലയിൽ അപകടങ്ങളുടെ തീവ്രത കുറച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിച്ചും രാജ്യത്തിന്റെ സമ്പദ് ഘടനയ്ക്ക് ഉത്തേജനം പകരുന്നതിനുവേണ്ടി ആപ്സ് (APSS – Accident Prevention through Safety Surveillance Study) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി വർഷം വിദഗ്ധ സംഘം മെറ്റൽ, ക്രഷർ ഫാക്ടറികളിൽ പഠനം നടത്തുകയും റിപ്പോർട്ടിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരള ഫാക്ടറി റൂളിലെ മെറ്റൽ-ക്രഷർ സംബന്ധിച്ച പ്രത്യേക നിബന്ധനകൾ ഭേദഗതി ചെയ്യുകയും ചെയ്തു.

## 2. വകുപ്പ് നടപ്പാക്കുന്ന ചട്ടങ്ങളും നിയമങ്ങളും

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് നടപ്പിലാക്കുന്ന നിയമങ്ങളും ചട്ടങ്ങളും ചുവടെ ചേർക്കുന്നു.

### 1) നിയമങ്ങൾ


1. ഫാക്ടറീസ് ആക്ട് 1948 (1948 -ലെ സെൻട്രൽ ആക്ട് 63)
2. ഇൻഡ്യൻ ബോയിലേഴ്സ് ആക്ട്, 1923 (1923-ലെ സെൻട്രൽ ആക്ട് 5)
3. ഇൻഡ്യൻ ബോയിലർ റെഗുലേഷൻ,1950
4. പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1936 (1936 -ലെ സെൻട്രൽ ആക്ട് 4)
5. മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട്, 1961 (1961 -ലെ സെൻട്രൽ ആക്ട് 53)
6. ഡെയ്ഞ്ചറസ് മെഷീൻസ് (റെഗുലേഷൻ) ആക്ട്, 1983 (1983 -ലെ സെൻട്രൽ ആക്ട് 35)
7. എൻവയോൺമെന്റ് (പ്രോട്ടക്ഷൻ) ആക്ട്, 1986 (1986 -ലെ സെൻട്രൽ ആക്ട് 29)
8. ദി ലേബർ ലാസ് (എക്സെംപ്ഷൻ ഫ്രം ഫർണിഷിംഗ് റിട്ടേൺസ് & മെയിന്റയിനിംഗ് രജിസ്റ്റേഴ്സ് ബൈ സേർട്ടൻ എസ്റ്റാബ്ലിഷ്മെൻറ്സ് ) ആക്ട് 1988 (1988-ലെ ആക്ട് 51)
9. ദിബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്,1996
10. ദി അൺ രജിസ്റ്റേഡ് കാഷ്യൂനട്ട് ഫാക്ടറീസ് (പ്രൊഹിബിഷൻ) ആക്ട്, 1967

### 2) ചട്ടങ്ങൾ

1. കേരള ഫാക്ടറീസ് റൂൾസ്, 1957
2. കേരള ബോയിലർ റൂൾസ്, 1967
3. ദി സെൻട്രൽ ബോയിലർ അറ്റന്റൻസ് റൂൾസ്, 2011
4. ദി സെൻട്രൽ ബോയിലർ ഓപ്പറേഷൻ എഞ്ചിനിയേഴ്സ് റൂൾസ്, 2011
5. കേരള പെയ്മെന്റ് ഓഫ് വേജസ് (ജനറൽ) റൂൾസ്, 1958
6. കേരള മെറ്റേണിറ്റി ബെനിഫിറ്റ് റൂൾസ്, 1964
7. കേരള ഫാക്ടറീസ് (മേജർ ആക്സിഡന്റ് ഹസാർഡ് കൺട്രോൾ) റൂൾസ്, 2005
8. കേരള ഡെയിഞ്ചറസ് മെഷീൻ (റെഗുലേഷൻ) റൂൾസ്, 2001
9. മാനുഫാക്ചർ, സ്റ്റോറേജ് & ഇംപോർട്ട് ഓഫ് ഹസാർഡസ് കെമിക്കൽസ് റൂൾസ്, 1989
10. കെമിക്കൽ ആക്സിഡന്റ്സ് (എമർജൻസി പ്ലാനിംഗ് പ്രിപ്പേർഡ്നസ് ആൻറ് റെസ്പോൺസ്) റൂൾസ്, 1996
11. ദി ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) സെൻട്രൽ റൂൾസ്, 1998
12. കേരള ഫാക്ടറീസ് (വെൽഫെയർ ഓഫീസേഴ്സ്) റൂൾസ്, 1957

## 3. വകുപ്പിന്റെ കീഴിലുള്ള ഉപ ഓഫീസുകളെ സംബന്ധിച്ച വിശദാംശങ്ങൾ

ഓർഗനൈസേഷൻ ചാർട്ട് അനുബന്ധം 1–എ ആയി ചേർത്തിരിക്കുന്നു. വകുപ്പിലെ വിവിധ തസ്തികകളിൽ അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം അനുബന്ധം 1–ബി ആയി ചേർത്തിരിക്കുന്നു.



## അനുബന്ധം 1–ബി

വകുപ്പിലെ വിവിധ തസ്തികകളെക്കുറിച്ചുള്ള (അനുവദിച്ചിട്ടുള്ള) വിവരം

| | | | |
|---|---|---|---|
| 1. | Director of Factories & Boilers. | : | 1 |
| 2 | Senior Joint Director of Factories and Boilers | : | 1 |
| 3 | Joint Director of Factories and Boilers | : | 3+2* |
| 4 | Joint Director of Factories and Boilers (Medical) | : | 1 |
| 5 | Technical Officer (Chemical) | : | 1 |
| 6 | Inspector of Factories and Boilers Gr.I | : | 8 |
| 7 | Inspector of Factories and Boilers Gr.II | : | 18 |
| 8 | Technical Assistant (Chemical) /Chemical Inspector | : | 5 |
| 9 | Medical Officer | : | 4 |
| 10 | Additional Inspector of Factories | : | 25 |
| 11 | Senior Superintendent | : | 3 |
| 12 | Head Statistician | : | 1 |
| 13 | Junior Superintendent | : | 6 |
| 14 | Head Accountant | : | 1 |
| 15 | Clerk/Clerk-Typist | : | 101 |
| 16 | Typist | : | 6 |
| 17 | Confidential Assistant | : | 5 |
| 18 | Head Draughtsman | : | 1 |
| 19 | Draughtsman | : | 6 |
| 20 | Librarian Gr.IV | : | 1 |
| 21 | Driver | : | 8 |
| 22 | Peon/Night Watcher | : | 54 |
| 23 | Full Time Sweeper | : | 1 |
| 24 | Administrative Officer | : | 1 |
| 25 | Finance Officer | : | 1 |
| 26 | Computer Operator | : | 1 |
| 27 | Nursing Assistant | : | 1 |
| 28 | Lab Assistant | : | 1 |
| 29 | Lab Attendant | : | 1 |
| 30 | Chemist | : | 1 |
| | | | |
| | **TOTAL** | : | **270** |

* അധിഷണലായുള്ള തസ്തിക കൊച്ചിൻ റിഫൈനറി, കൊച്ചിൻ ഷിപ്പ്‌യാർഡ് എന്നിവിടങ്ങളിൽ അവരുടെ സാമ്പത്തിക സഹായ സഹകരണത്തോടു കൂടി നിലനിർത്തിയിരിക്കുന്നു.

## 4.ഭരണ സംവിധാനം

ഈ വകുപ്പിൽ നിലവിലുള്ളത് ദ്വിവിഭാഗ ഭരണ സംവിധാനമാണ്.

(എ) പരിശോധന വിഭാഗം (എൻഫോഴ്സ്മെന്റ് വിംഗ്)

(ബി) ആരോഗ്യ സുരക്ഷിതത്വ വിദഗ്ദ്ധോപദേശക വിഭാഗം

(ഹെൽത്ത് & സേഫ്റ്റി എക്സ്പെർട്ട് അഡ്വൈസറി വിംഗ്)

## (എ) പരിശോധനാ വിഭാഗം

ഫാക്ടറികൾ പരിശോധിക്കുന്ന ചുമതല താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമായിരിക്കുന്നു.

1. ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ
2. ഫാക്ടറീസ് & ബോയിലേഴ്സ് ജോയിന്റ് ഡയറക്ടർ (ഹെഡ്ക്വാർട്ടേഴ്സ്)
3. ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് റീജിയണൽ ജോയിന്റ് ഡയറക്ടർമാർ
4. ഫാക്ടറീസ് & ബോയിലേഴ്സ് ജോയിന്റ് ഡയറക്ടർ (മെഡിക്കൽ)
5. ടെക്നിക്കൽ ഓഫീസർ (കെമിക്കൽ)
6. ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ്-I
7. ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ്-II
8. മെഡിക്കൽ ഓഫീസർ
9. കെമിക്കൽ ഇൻസ്പെക്ടർ
10. ടെക്നിക്കൽ അസിസ്റ്റന്റ് (കെമിക്കൽ)
11. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്

സംസ്ഥാനത്തുള്ള ഫാക്ടറികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 22 ഫാക്ടറി ഡിവിഷനുകളായി വിഭജിച്ചിരിക്കുന്നു. ഓരോ ഫാക്ടറി ഡിവിഷനിലും ഒരു ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടറും ഒരു അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടറും ഉണ്ട്. എന്നാൽ, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ഡിവിഷനുകളിൽ രണ്ട് അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടർമാരും ആലുവ, കോഴിക്കോട് എന്നീ ഡിവിഷനുകളിൽ രണ്ട് ഇൻസ്പെക്ടർമാരും, കൊല്ലം ഡിവിഷനിൽ മൂന്ന് ഇൻസ്പെക്ടർമാരും വീതം ഉണ്ട്. ഫാക്ടറീസ് ആക്ടിലെ സെക്ഷൻ 2 (എം) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള (മേജർ) ഫാക്ടറികളും, സെക്ഷൻ 85 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഹസാർഡസ് ഡെയിഞ്ചറസ് മാനുഫാക്ചറിംഗ് പ്രോസസ് നടത്തുന്ന മൈനർ ഫാക്ടറികളും, കൂടാതെ ബോയിലറുകളും, ഗ്രേഡ്-I/II ഇൻസ്പെക്ടർമാർ പരിശോധിക്കുന്നു.

കൂടാതെ സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികളുടെ കാര്യങ്ങൾ നോക്കുന്നതിന് കൊല്ലം ജില്ലയിൽ കാഷ്യു സ്പെഷ്യൽ ഓഫീസറുടെ കീഴിൽ വിന്യസിച്ച തസ്തികയിൽ ഒരു ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് ഇൻസ്പെക്ടർ (ഗ്രേഡ്-2) പ്രവർത്തിക്കുന്നു.

മേൽപ്പറഞ്ഞ 22 ഫാക്ടറി ഡിവിഷനുകളെയും യഥാക്രമം കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളാക്കി തിരിച്ച് ഒരോ മേഖലയും ഒരോ ജോയിൻറ്ഡയറക്ടറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു.

കൊച്ചിയിൽ അമ്പലമുകളിൽ കൊച്ചി റിഫൈനറീസ് ലിമിറ്റഡിന്റെ കപ്പാസിറ്റി എക്സ്പാൻഷൻ-കം-മോഡേണൈസേഷന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി വകുപ്പിന്റെ ഒരു ഫാക്ടറീസ് &ബോയിലേഴ്സ് ജോയിന്റ് ഡയറക്ടറുടെ സേവനം 2005 മുതൽ ടി ഫാക്ടറിയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കൊച്ചിൻ ഷിപ്പ് യാർഡിൽ തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം ഇവ സംബന്ധിച്ച നിയമങ്ങൾ നടപ്പിലാക്കുന്നതിനായി അവരുടെ ആവശ്യപ്രകാരം ഒരു ജോയിന്റ് ഡയറക്ടറുടെ സേവനം 2011 മുതൽ ലഭ്യമാക്കിയിട്ടുണ്ട്.

**<u>(ബി) ആരോഗ്യ സുരക്ഷിതത്വ വിദഗ്ദ്ധോപദേശക വിഭാഗം</u>**

(ഹെൽത്ത് & സേഫ്റ്റി എക്സ്പെർട്ട് അഡ്‌വൈസറി വിംഗ്)

ഈ വിഭാഗത്തിൽ ഒക്യുപേഷണൽ ഹെൽത്ത് ഡിവിഷനും കെമിക്കൽ ഡിവിഷനും മൂന്ന് സേഫ്റ്റി സെല്ലും (Full Safety Control System Cell) ഉൾപ്പെടുന്നു. ഈ വിഭാഗത്തിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിൻറ് ഡയറക്ടർ ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ് (മെഡിക്കൽ) ആണ്. ഒരു ടെക്നിക്കൽ ഓഫീസർ(കെമിക്കൽ),നാല് കെമിക്കൽ ഇൻസ്പെക്ടർമാർ, നാല് മെഡിക്കൽ ഓഫീസർമാർ, ഒരു ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഫാക്ടറികളിൽ (മേജർ ആക്സിഡൻറ് ഹസാർഡസ്) ഗുരുതരമായ അപകട സാദ്ധ്യതയുള്ളതിനാൽ വിദഗ്ദ്ധ പരിശോധന നടത്തുന്നതിനായും ഹസാർഡസ് ഫാക്ടറികളിലെ Air Monitoring Study നടത്തുന്നതിനുമായി മേൽ സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു ഇൻഡസ്ട്രിയൽ ഹൈജീൻ ലാബോറട്ടറി വകുപ്പിന്റെ കീഴിൽ

കൊല്ലത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഹസാർഡസ് ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യം സുരക്ഷിതത്വം മുൻനിർത്തി ഫാക്ടറി നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്നതുപ്രകാരം തൊഴിലാളികളുടെ വൈദ്യപരിശോധന നടത്തുന്നതിനും കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർ ഉൾപ്പെട്ട സേഫ്റ്റിസെൽ ഓഫീസുകൾ പ്രവർത്തിക്കുന്നു.

## 5. ഡയറക്ടറേറ്റിലെ ഭരണ സംവിധാനം

ഡയറക്ടറെ സഹായിക്കുന്നതിനായി ഫാക്ടറീസ് &ബോയിലേഴ്സ് ജോയിന്റ് ഡയറക്ടർ (ഹെഡ്ക്വാർട്ടേഴ്സ്), ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്&ബോയിലേഴ്സ് (മെക്കാനിക്കൽ), അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫൈനാൻസ് ഓഫീസർ എന്നീ ഉദ്യോഗസ്ഥർ ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നു. ജോയിന്റ് ഡയറക്ടർ (ഹെഡ്ക്വാർട്ടേഴ്സ്) സാങ്കേതിക കാര്യങ്ങളിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഭരണകാര്യങ്ങളിലും ഫൈനാൻസ് ഓഫീസർ സാമ്പത്തിക കാര്യങ്ങളിലും ഡയറക്ടറെ സഹായിക്കുന്നു. .

## 6. കമ്പ്യൂട്ടർവൽക്കരണം

നിലവിൽ നമ്മുടെ രാജ്യം ഡിജിറ്റലൈസേഷന്റെ പാതയിലാണ്. മെച്ചപ്പെട്ട ഓൺലൈൻ ഇൻഫ്രാസ്ട്രക്ചർ വഴിയും ഇന്റർനെറ്റ് കണക്റ്റിവിറ്റി വർദ്ധിപ്പിച്ചും ഡിജിറ്റൽ ശാക്തീകരണത്തിലൂടെയും ഗവൺമെന്റിന്റെ സേവനങ്ങൾ പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കാനുള്ള ഒരു പരിശ്രമമാണിത്. സമ്പൂർണ കമ്പ്യൂട്ടർവത്കൃത സംവിധാനത്തിന്റെ പരിവർത്തനത്തിലാണ് നമ്മുടെ വകുപ്പും. കേരളത്തിലെ ആദ്യത്തെ സമ്പൂർണ കംപ്യൂട്ടറൈസ്ഡ് ഡിപ്പാർട്ട്മെന്റാണ് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്. സംസ്ഥാനത്ത് ഏകദേശം 30,000 ഉപയോക്താക്കൾ ഉള്ളതിനാൽ നൂതനവും സ്ഥിരവുമായ സാങ്കേതിക പിന്തുണ ആവശ്യമുള്ളവരുടെ വിരൽത്തുമ്പിൽ എല്ലാ സേവനങ്ങളും വേഗത്തിലും സുതാര്യമായും ലഭ്യമാക്കുന്നതിനായി "FABOS" എന്ന് പേരിട്ടിരിക്കുന്ന ഫാക്ടറീസ് & ബോയിലേഴ്സ് ഓൺലൈൻ സംവിധാനം വകുപ്പ് നടപ്പിലാക്കി.

## അധ്യായം – 2

## വകുപ്പിലെ പ്രധാന സ്ഥാപനങ്ങൾ

1948–ലെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 24277 ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യം, ക്ഷേമം, സുരക്ഷിതത്വം എന്നിവ നടപ്പാക്കുന്ന പരമമായ ചുമതലയ്ക്കുപരി ഒരു facilitator എന്ന നിലയിലേക്ക് വകുപ്പിനെ മാറ്റുക എന്ന തിരിച്ചറിവിലധിഷ്ഠിതമായ നിരവധി കർമ്മപരിപാടികളാണ് വകുപ്പ് ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രസ്തുത ലക്ഷ്യം മുൻനിർത്തി സ്ഥാപിതമായ ചുവടെ വിവരിക്കുന്ന സ്ഥാപനങ്ങളുടെ ക്രിയാത്മകമായ ഇടപെടലുകളും പ്രവർത്തനങ്ങളും സമൂഹത്തിന് വളരെയധികം പ്രയോജനപ്പെട്ടുമെന്ന് പ്രത്യാശിക്കുന്നു.

### 1. കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ, എറണാകുളം

എറണാകുളത്ത് രാസ അപകടങ്ങൾ ഉണ്ടായാൽ വേണ്ട പ്രിപേർഡ്നസ്, റെസ്പോൺസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിൽ എമർജൻസി കൺട്രോൾ റൂം സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചു. ജനങ്ങളെ വ്യവസായ ദുരന്തങ്ങൾ മുൻകൂട്ടി അറിയിക്കുന്ന ROCERS എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു.

### 2. തൊഴിൽ ആരോഗ്യ സുരക്ഷിതത്വ പരിശീലന കേന്ദ്രം,കാക്കനാട്, എറണാകുളം(OTI)_

കേരളത്തിലെ വ്യവസായശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം, ക്ഷേമം എന്നിവ വിവിധ നിയമങ്ങളിലൂടെ നടപ്പിലാക്കുന്ന ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്, തൊഴിലാളികൾക്കും സൂപ്പർവൈസർമാർക്കും, മാനേജർമാർക്കും ആരോഗ്യ സുരക്ഷിതത്വ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും അതോടൊപ്പം രാസവാതക ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പോലീസ്, ഫയർ & റെസ്ക്യൂ, ആരോഗ്യ വകുപ്പ് എന്നിവർക്ക് പ്രത്യേക രാസപരിശീലനം നൽകുന്നതിനും സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ട പ്രാഥമിക സുരക്ഷിതത്വ വിഷയങ്ങളിൽ )basic Safety) പരിശീലനം നൽകുന്നതിനുമായി ഇന്ത്യയിൽ തന്നെ ആദ്യമായി ആരംഭിക്കുന്ന പരിശീലനകേന്ദ്രം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിലുൾപ്പെടുത്തി 2020 ഒക്ടോബർ 17 ന് ഉദ്ഘാടനം നിർവ്വഹിച്ചു.

**3. ഒക്കുപേഷണൽ ഹെല്ത്ത് ആന്റ് റിസര്ച്ച് സെന്റർ. കൊല്ലം**

കൊല്ലത്ത് സ്ഥാപിതമായ OHRC (Occupational Health Research Centre)-ന്റെ സഹായത്തോടെ കയർ, കശുവണ്ടി, മത്സ്യ സംസ്കരണം, ക്രഷർ, പാക്കിംഗ് തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ തൊഴിൽജന്യരോഗ നിർണ്ണയ സർവ്വേ നടത്തി വരുന്നു.

**4. ഇൻഡസ്ട്രിയൽ ഹൈജീൻ ലാബ്, കൊല്ലം**

രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഫാക്ടറികളിൽ (മേജർ ആക്സിഡൻറ് ഹസാർഡസ്) ഗുരുതരമായ അപകട സാദ്ധ്യതയുള്ളതിനാൽ വിദഗ്ധ പരിശോധന നടത്തുന്നതിനും തൊഴിൽ സ്ഥലങ്ങളിൽ Air Monitoring Study നടത്തുന്നതിനുമായി കൊല്ലത്ത് നവീകരിച്ച ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറി (IHL) സ്ഥാപിച്ച് ഇൻഡസ്ട്രിയൽ ഹൈജീൻ സർവെയിലൻസ് പ്രോഗ്രാമുകൾ നടത്തി വരുന്നു.

**5. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആൻഡ് റിസർച്ച് (KIWR) ഉദ്യോഗമണ്ഡൽ**

ഇന്ത്യൻ ബോയിലർ ബോയിലർ അക്ട് പ്രകാരം **IBR Welder** മാർക്ക് പരിശീലനം നൽകുന്നതിനും **Basic Welding Course, Advanced Welding Course** എന്നീ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകുന്നതിനുമായി വകുപ്പ് **FACT,** ഉദ്യോഗമണ്ഡൽ എന്ന പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആൻഡ് റിസർച്ച് **(KIWR)** എന്ന സ്ഥാപനം ഏലൂരിൽ പ്രവർത്തിക്കുന്നു**.**

## അധ്യായം – 3

## വകുപ്പ് കൈവരിച്ച നേട്ടങ്ങൾ

വളരെ പരിമിതമായ മാൻപവർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വകുപ്പ് നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 1961 ൽ രൂപംകൊണ്ട വകുപ്പ് അപരാപ്തമായ പദ്ധതിവിഹിതം കൊണ്ട് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് നിരവധി നവീന പദ്ധതികൾക്ക് രൂപം നൽകാനും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇതര എൻഫോഴ്സ്മെന്റ് വിഭാഗം വകുപ്പുകളുടെ നിലവാരത്തിലേക്ക് ഒരു നിശ്ചിത പരിധി വരെ എത്താനും കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം പദ്ധതികാലയളവിൽ വകുപ്പ് കൈവരിച്ച സുപ്രധാന നേട്ടങ്ങൾ ചുവടെ വിവരിക്കുന്നു.

### 1. വെബ് എനേബിൾഡ് റിസ്ക് വെയിറ്റഡ് ഇൻസ്പെക്ഷൻ സ്കീം

ഫാക്ടറി ഇൻസ്പെക്ടർമാർക്ക് അപകട സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ വെബ് അധിഷ്ഠിതമായി സുതാര്യവും കാര്യക്ഷമവുമായി പരിശോധന നടത്തുന്നതിനായി ടാബ് ലെറ്റുകൾ നൽകി "വെബ് എനേബിൾഡ് റിസ്ക് വെയിറ്റഡ് ഇൻസ്പെക്ഷൻ സ്കീം" നടപ്പിലാക്കി. ഇതു വഴിയായി ഓരോ മാസവും പരിശോധന നടത്തേണ്ട ഫാക്ടറികൾ ഏതൊക്കെയാണ് എന്ന് ഇൻസ്പെക്ടർമാർക്ക് അപകട സാധ്യതയുടെ (Risk) അടിസ്ഥാനത്തിൽ അവരുടെ ടാബ്ലെറ്റുകളിൽ ലഭിക്കുന്നു. മാത്രമല്ല ഫാക്ടറി ഉടമകൾക്ക് പരിശോധന ഉത്തരവും കാരണം കാണിക്കൽ നോട്ടീസും ഉൾപ്പടെയുള്ള നിയമനടപടികൾ യഥാസമയം സാധ്യമാവുകയും ഉന്നത ഉദ്യോഗസ്ഥർക്ക് റിപ്പോർട്ടുകൾ വീക്ഷിക്കുന്നതിനും നിർദ്ദേശം നൽകുന്നതിനും സാധിക്കുന്നു.



വെബ് എനേബിൾഡ് റിസ്ക് വെയിറ്റഡ് ഇൻസ്പെക്ഷൻ സ്കീം ബഹുമാനപ്പെട്ട തൊഴിലും എക്സൈസ് വകുപ്പ് മന്ത്രി ഇൻസ്പെക്ഷൻ ടാബ്ലറ്റ് കൈമാറി ഉദ്ഘാടനം ചെയ്യുന്നു.

**2. റിമോട്ട് സെൻസിംഗ് എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം (ROCERS)**

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അപകട തീവ്രത കൂടിയ ഫാക്ടറികളിൽ വിഷവാതക ചോർച്ച, തീപിടുത്തം, പൊട്ടിത്തെറി തുടങ്ങിയ വ്യാവസായിക ദുരന്തങ്ങൾ ഉണ്ടായാൽ ജിയോ സ്പേഷ്യൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ സമീപവാസികൾക്കും മറ്റ് ദുരന്തനിവാരണ ഏജൻസികൾക്കും, പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, റവന്യൂ ഉൾപ്പെടെയുള്ള അധികാരികൾക്ക് ജാഗ്രതാസന്ദേശം മൊബൈൽ ആപ്ലിക്കേഷൻ വഴിയും അല്ലാതെയും മുൻകൂട്ടി നൽകുന്ന റിമോട്ട് സെൻസിംഗ് എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം (ROCERS) എന്ന പദ്ധതിയുടെ ആദ്യ ഘട്ടം NRSA (നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ) ഹൈദ്രബാദ്, IGCAR (ഇന്ദിരാഗാന്ധി സെന്റർ ഫോർ അറ്റോമിക് റിസർച്ച്) കൽപാകം, തമിഴ്നാട് എന്നിവരുമായി ചേർന്ന് എറണാകുളം ജില്ലയിലെ അമ്പലമുകളിൽ നടപ്പിലാക്കി ഉദ്ഘാടനത്തിന് തയ്യാറാക്കിയിട്ടുണ്ട്.



ധാരണാപത്രം ഒപ്പിടുന്നു


**3. വർക്ക് ഇംപ്രൂവ്മെന്റ് സ്മാൾ കൺസ്ട്രക്ഷൻ സൈറ്റ്സ് (WISCON)**

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് കെട്ടിട നിർമ്മാണ തൊഴിലാളികൾ, കെട്ടിട നിർമ്മാണ പ്രതിനിധികൾ, കെട്ടിട നിർമ്മാണ മേഖലയിലെ സുരക്ഷിതത്വം, ആരോഗ്യം എന്നിവ ഉറപ്പുവരുത്തുന്ന വിവിധ മേഖലകളിലെ ഉദ്യോഗസ്ഥർ എന്നിവർക്കായി അന്താരാഷ്ട്ര തൊഴിൽ സംഘടനയുമായി ചേർന്ന് ഇൻഡ്യയിൽ തന്നെ ആദ്യമായി വർക്ക് ഇംപ്രൂവ്മെന്റ് സ്മാൾ കൺസ്ട്രക്ഷൻ സൈറ്റ്സ് (WISCON) എന്ന അന്താരാഷ്ട്ര

തൊഴിൽ സംഘടനയുടെ പരിശീലന രീതി അനുസരിച്ച് ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 9 പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു ട്രൈ പാർട്ടി സംവിധാനത്തിൽ സർക്കാർ തലത്തിൽ അഡീ. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി Construction Safety Advisory Committee രൂപീകരിച്ചു.

### 4. തൊഴിൽജന്യരോഗ നിർണ്ണയ സർവ്വെ പഠനം

കൊല്ലത്ത് സ്ഥാപിതമായ OHRC (Occupational Health Research Centre)-ന്റെ സഹായത്തോടെ കയർ, കശുവണ്ടി, മത്സ്യ സംസ്കരണം, ക്രഷർ, പാക്കിംഗ് തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ തൊഴിൽജന്യരോഗ നിർണ്ണയ സർവ്വെ പഠനം പൂർത്തീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു.









**5. മാതൃകാ ഓഫീസുകൾ**

നമ്മുടെ സംസ്ഥാനത്തെ വ്യവസായ സൗഹൃദ സംസ്ഥാനം ആക്കി മാറ്റുക എന്ന സർക്കാർ നയത്തെ മുൻ നിർത്തി പ്രസ്തുത ലക്ഷ്യത്തിലേക്കുള്ള വലിയൊരു ചുവടുവെയ്പ്പ് ആയി ഫാക്ടറീസ് & ബോയിലേഴ്സിന്റെ എല്ലാ ഓഫീസുകളെയും മാതൃകാ ഓഫീസുകളാക്കി (Model Offices) ആക്കി മാറ്റാൻ സാധിച്ചു.

**6. ഇൻഡസ്ട്രിയൽ ഹൈജീൻ സർവെയിലൻസ് പ്രോഗ്രാം**

കൊല്ലത്ത് നവീകരിച്ച ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറി (IHL) യുടെ ഉദ്ഘാടനം നിർവ്വഹിച്ച് ഇൻഡസ്ട്രിയൽ ഹൈജീൻ സർവെയിലൻസ് പ്രോഗ്രാമിന് തുടക്കം കുറിച്ചു.




**7. നൈപുണ്യ വികസന കോഴ്സ്**

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ FACT യുടെയും വകുപ്പിന്റെയും സംയുക്ത സംരഭമായി കേരളാ സ്റ്റേറ്റ് വെൽഡിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KSWRI), American Society of Non Destructive Testing (ASNT) അംഗീകാരമുള്ള NDT Level II തൊഴിൽ അധിഷ്ഠിത വെൽഡിംഗ് ഇൻസ്പെക്ഷൻ കോഴ്സ് ആരംഭിച്ച് നടത്തി വരുന്നു.

**8. വ്യാവസായിക സുരക്ഷിതത്വ കോൺക്ലേവ്**

ഫാക്ടറി ഇൻസ്പെക്ടർമാരുടെ തൊഴിൽ, ആരോഗ്യ വിഷയങ്ങളിലുള്ള skill വർദ്ധിപ്പിക്കുന്നതിനുവേണ്ടി Prodair Air Products India (P) Limited എന്ന വിദേശ കമ്പനിയുമായി ചേർന്ന് ഓരോ ആറുമാസം കൂടുന്തോറും Industrial Safety Conclave നടത്തുന്നതിനുവേണ്ടി ധാരണാ പത്രം ഒപ്പിട്ടു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സുരക്ഷിതത്വ വിദഗ്ധരുടെ സഹായത്തോടെ സുരക്ഷിതത്വ പരിശീലന പരിപാടികൾക്ക് തുടക്കം കുറിയ്ക്കുകയും ചെയ്തു.

**9.സുരക്ഷാ അവാർഡ് & സേഫ്റ്റി ഗ്രേഡിംഗ് സർട്ടിഫിക്കറ്റ്**

ദേശീയ സുരക്ഷിതത്വ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് തൊഴിൽ ആരോഗ്യ-സുരക്ഷിതത്വം തൊഴിലാളികളിലും മാനേജ്മെന്റുകളിലും പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി അപകടരഹിതമായി പ്രവർത്തിക്കുന്ന വിവിധ ഫാക്ടറികൾക്ക് 12 കാറ്റഗറികളിൽ സേഫ്റ്റി അവാർഡ് വിതരണം ചെയ്തു വരുന്നു. നിത്യ ജീവിതത്തിൽ സമസ്ത മേഖലകളിലും സുരക്ഷിതത്വ ബോധം പ്രാഥമിക തലത്തിൽ തന്നെ വളർത്തിയെടുക്കേണ്ടതുണ്ട് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 25000 ൽ പരം ഫാക്ടറികളിൽ അപകടരഹിത സാഹചര്യം പരമാവധി സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിലധിഷ്ഠിതമായ നിരവധി പ്രവർത്തനങ്ങളിൽ ഒന്നാണ് സേഫ്റ്റി അവാർഡ് വിതരണം. ഇത്തരത്തിലുള്ള ഒരു പദ്ധതി 2008 ലാണ് വകുപ്പിൽ ആദ്യമായി നടപ്പിലാക്കി തുടങ്ങിയത്. അതിന്റെ ഗുണ ഫലങ്ങൾ തീകച്ചും അപകടങ്ങൾ ഗണ്യമായ തോതിൽ കുറക്കുവാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ 5 വർഷക്കാലത്ത് വകുപ്പ് കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങളിൽ പെടുന്നു. ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബഹു ഭൂരിപക്ഷം ഫാക്ടറികളിലും പ്രവർത്തന മികവ് കൈവരിക്കുന്നതിനും അതിലൂടെ വ്യവസായ ശാലകൾക്ക് പുത്തനുണർവ്വും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.



കഴിഞ്ഞ വർഷത്തെ സേഫ്റ്റി അവാർഡ് വിതരണ ചടങ്ങിൽ നിന്നും

## 10.ആരോഗ്യ സുരക്ഷിതത്വ പരിശീലന അവബോധ പരിപാടികൾ

**a. സുരക്ഷാരഥം മുഖാന്തിരം**

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് വകുപ്പിന്റെ "സുരക്ഷാരഥം" എന്ന മൊബൈൽ പരിശീലന വാഹനത്തിന്റെ സഹായത്തോടുകൂടി സംസ്ഥാനത്തിലെ വിവിധ ഫാക്ടറികളിലെ 13,790 ഓളം തൊഴിലാളികൾക്കും സൂപ്പർവൈസർമാർക്കും നിർമ്മാണപ്രക്രിയക്ക് അനുസൃതമായ സുരക്ഷിതത്വ ആരോഗ്യ വിഷയങ്ങളിലും അടിസ്ഥാന സുരക്ഷിതത്വ വിഷയങ്ങളായ ഇലക്ട്രിക്കൽ സേഫ്റ്റി, ഫയർ സേഫ്റ്റി, LPG സേഫ്റ്റി, റോഡ് സേഫ്റ്റി, ഫസ്റ്റ് എയ്ഡ് എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സ്കൂൾ കുട്ടികൾക്കായി 2020-21 കാലയളവിൽ 41 സ്കൂളുകളിലായി 2000 കുട്ടികൾക്കും കൂടാതെ സർക്കാർ ഐ.റ്റി,ഐ, പോളിടെക്നിക്ക് കോളേജ് എന്നിവിടങ്ങളിലും സുരക്ഷിതത്വ ആരോഗ്യ വിഷയങ്ങളിൽ പരിശീലനം നൽകി. കൂടാതെ വകുപ്പിന്റെ 4 മേഖലാ പരിശീലന കേന്ദ്രങ്ങൾ മുഖാന്തിരം കഴിഞ്ഞ 2 വർഷങ്ങളിലായി 350 ഓളം തൊഴിലാളി-തൊഴിലാളി പ്രതിനിധികൾക്കും സൂപ്പർ വൈസർമാർക്കും സേഫ്റ്റി ഓഫീസർമാർക്കും സുരക്ഷിതത്വ ആരോഗ്യ പരിശീലനം നൽകി.

സുരക്ഷാ രഥം






**b. മേഖല കേന്ദ്രങ്ങൾ മുഖാന്തിരം**

നാഷണൽ സേഫ്റ്റി കൗൺസിൽ, കേരളാ സേഫ്റ്റി കൗൺസിൽ, എച്ച്.എൽ.എൽ മാനേജ്മെന്റ് അക്കാദമി, ജർമ്മൻ സോഷ്യൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീം, IIT (Madras, Delhi), Regional Institute of Occupational Health (RIOH), Bangalore എന്നിവരുമായി സഹകരിച്ച് മാനേജ്മെന്റ് പ്രതിനിധികൾ, തൊഴിലാളികൾ ഉൾപ്പടെ 500 പേർക്ക് സുരക്ഷിതത്വ, ആരോഗ്യ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.



**c. ശില്പശാല മുഖാന്തിരം**

ട്രേഡ് യൂണിയൻ നേതാക്കൾക്ക് വേണ്ടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരോഗ്യ സുരക്ഷിതത്വ വിഷയങ്ങളിൽ ഏകദിന ശില്പശാല മാതൃകാപരമായി സംഘടിപ്പിച്ചു.



## 11. ഇ- ഗവേണൻസ് പുരസ്കാരങ്ങൾ

പരിപൂർണ്ണ e-governance എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ എല്ലാ ഓഫീസുകളെയും ഓൺലൈൻ സംവിധാനത്തിന്റെ പരിധിയിൽ കൊണ്ടു വരുകയും വ്യവസായികൾക്ക് ആവശ്യമായ ലൈസൻസ്,കെട്ടിട നിർമ്മാണ പെർമിറ്റ് ഉൾപ്പടെയുള്ള വകുപ്പിന്റെ എല്ലാ സേവനങ്ങളും ഓൺലൈനായി വിരൽ തുമ്പിലൂടെ ലഭ്യമാക്കുകയും പ്രസ്തുത പ്രവർത്തനത്തിന് ദേശീയ തലത്തിൽ 2016,2017,2019,2020 വർഷങ്ങളിൽ SKOCH Order of Merit അവാർഡും കേരളാ സർക്കാരിന്റെ e-service ഡെലിവറി കാറ്റഗറിയിൽ ഇ-ഗവേണൻസ് അവാർഡും ലഭിക്കുകയും ചെയ്തു.





SKOCH Order of Merit വകുപ്പ് ഡയറക്ടർ ശ്രീ.പി.പ്രമോദ് ഏറ്റുവാങ്ങുന്നു



സംസ്ഥാന സർക്കാരിന്റെ e-governance അവാർഡ് ബഹു.മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്നും വകുപ്പ് ഡയറക്ടർ ശ്രീ.പി.പ്രമോദ് ഏറ്റുവാങ്ങുന്നു

## 12. സുരക്ഷാജാലകം മാഗസിൻ

2020-21 കാലയളവിൽ സുരക്ഷാബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചതിന്റെ ഭാഗമായി സുരക്ഷാജാലകം എന്ന പേരിൽ വകുപ്പിൽ ആദ്യമായി മാഗസിൻ പ്രസിദ്ധീകരിച്ചു.




## 13. മോക്ക് ഡ്രില്ലുകൾ

അപകട സാദ്ധ്യത കൂടിയ ഫാക്ടറികളിൽ പ്രവർത്തിക്കുന്ന എല്ലാ ജില്ലകളിലും ഡിസ്ട്രിറ്റ് ക്രൈസിസ് കമ്മിറ്റി രൂപീകരിക്കുകയും ഓഫ് സൈറ്റ് എമർജൻസി പ്ലാൻ തയ്യാറാക്കി ജില്ലാ ഭരണകൂടത്തിന്റെയും NDRF-ന്റെയും സഹകരണത്തോടെ മോക്ക് ഡ്രില്ലുകൾ സംഘടിപ്പിച്ചു.






## 14. കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ, എറണാകുളം

എറണാകുളത്ത് രാസ അപകടങ്ങൾ ഉണ്ടായാൽ വേണ്ട പ്രിപേർഡ്നസ്, റെസ്പോൺസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിൽ എമർജൻസി കൺട്രോൾ റൂം സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചു.




## 15. ഒക്കുപേഷണൽ സേഫ്റ്റി ആന്റ് ഹെൽത്ത് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (OTI), എറണാകുളം

ട്രേഡ് യൂണിയൻ നേതാക്കൾ, തൊഴിലാളികൾ, സൂപ്പർവൈസർമാർ, മാനേജ്മെന്റ് പ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവർക്കുവേണ്ടി ഇൻഡ്യയിൽ തന്നെ രണ്ടാമത്തെ ഒക്കുപേഷണൽ ട്രെയിനിംഗ് ആന്റ് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് (OTI) എറണാകുളത്ത് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായി.



**16. ഡയറക്ടറേറ്റിൽ ആധുനിക സംവിധാനങ്ങളോട് കൂടിയ വീഡിയോ കോൺഫറൻസ് ഹാൾ**

വകുപ്പിന്റെ പ്രവർത്തങ്ങൾ കൂടുതൽ കാര്യക്ഷമവും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും വേണ്ടി നൂതന മാതൃകയിലുള്ള വീഡിയോ കോൺഫറൻസ് ഹാൾ പ്രവർത്തനമാരംഭിച്ചു.



**17. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചുള്ള പ്രവർത്തനങ്ങൾ**

സംസ്ഥാന സർക്കാരിന്റെ നയപരിപാടിയായ "ഖരമാലിന്യ സംസ്കരണം പദ്ധതി"
നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ കീഴിലുള്ള കൊല്ലം, എറണാകുളം മേഖലാ ഓഫീസുകളിൽ 2020–21 കാലയളവിൽ ബയോഗ്യാസ്പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.



## 18. APSS (ആക്സിഡന്റ് പ്രിവൻഷൻ ത്രൂ സേഫ്റ്റി സർവീലൻസ് ) പദ്ധതി

ഐക്യരാഷ്ട്ര സഭയുടെ SDG 8.0 ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി 2030 ഓടെ വ്യവസായ ശാലകളെ അപകടരഹിത തൊഴിൽജന്യരോഗമുക്തമാക്കുക എന്ന ലക്ഷ്യത്തിനുവേണ്ടിയുള്ള APSS പദ്ധതി പ്രകാരം ഏറ്റവും അധികം അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന 'Stone Crusher' യൂണിറ്റുകളിൽ പഠനം പൂർത്തിയാക്കി അപകടം ഒഴിവാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഫാക്ടറി റൂൾസിൽ ഭേദഗതി കൊണ്ടുവരികയും 'Stone Crusher' യൂണിറ്റുകളിലെ തൊഴിലാളികൾക്കും മാനേജ്മെന്റിനുമായി തിരുവനന്തപുരത്തെ മൂക്കുന്നി മലയിലും, പത്തനംതിട്ടയിലെ കോന്നിയിലും, കോഴിക്കോട്ടെ പേരാമ്പ്രയിലും മൂന്ന് ആരോഗ്യ സുരക്ഷിതത്വ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.



## 19. FAB SAFE

ഫാക്ടറികളിൽ നിന്നും കൊണ്ടുപോകുന്ന ഹസാർഡസ് കെമിക്കൽസ് വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങൾ മറിയുന്നതോ ലീക്ക് മൂലമോ ആണ് റോഡ് അപകങ്ങൾ കൂടുതൽ ഉണ്ടാകുന്നതും അതിനെത്തുടർന്ന് കൂടുതൽ അപകടകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതും. അടുത്തകാലത്തായി ഹസാർഡസ് കെമിക്കൽസ് വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങൾ അപകടത്തിൽ പെടുന്നത് കൂടുതലായി കണ്ടുവരുന്നു. ഈ അപകടങ്ങൾ പൊതുജനങ്ങളെയും ഇക്കോ സിസ്റ്റത്തെയും സാരമായി ബാധിക്കുന്നു. ഇത്തരത്തിലുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് 'ഫാബ്സേഫ്' എന്ന ഒരു മൊബൈൽ അപ്ലിക്കേഷൻ രൂപകൽപന ചെയ്തിട്ടുണ്ട്. ഈ ആപ്ലിക്കേഷൻ നിലവിൽ വരുന്നതുമൂലം

പൊതുജനങ്ങൾക്കും, കേരള പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റ്, കൺസൈനേഴ്സ്, കൻസൈനീസ്, ഫാക്ടറികൾ, ഡിസ്ട്രിക്ട് ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് തുടങ്ങിയവർക്കും ഏറെ പ്രയോജനകരം ആയിരിക്കും. വാഹനങ്ങൾ ട്രാക്ക് ചെയ്യുന്നത് മൂലം അപകടത്തിൽപ്പെടുകയാണെങ്കിൽ രാസവതക ചോർച്ച, തീപിടുത്തം തുടങ്ങിയവ മൊബൈൽ ആപ്പ് മുഖേന first responders-നെ വളരെ വേഗത്തിൽ അറിയിക്കുവാനും അതുമൂലം ഏറ്റവും അടുത്തുള്ള ഫാക്ടറിയിൽ നിന്നും എമർജൻസി ക്രൂ അംഗങ്ങൾ എത്തി അപകടത്തിന്റെ തോത് കുറയ്ക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളാൻ സാധിക്കുകയും തന്മൂലം അപകടത്തിന്റെ തീവ്രത കുറയ്ക്കുവാനും കഴിയും.

## 19. "ആസാദി കാ അമൃത്" മഹോത്സവത്തിന്റെ ഭാഗമായി സുരക്ഷാരഥം ഉപയോഗിച്ച് സുരക്ഷാ ബോധവത്കരണ പ്രചാരണം

"ആസാദി കാ അമൃത്" മഹോത്സവത്തിന്റെ ഭാഗമായി ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ "സുരക്ഷാരഥം" എന്ന പേരിലുള്ള സഞ്ചരിക്കുന്ന പരിശീലന വാഹനം ഉപയോഗിച്ച് ജനുവരി 1 മുതൽ ആഗസ്റ്റ് 2022 വരെ "സുരക്ഷാ ബോധവത്കരണ പ്രചാരണം സുരക്ഷാരഥത്തിലൂടെ (SAFETY AWARENESS CAMPAIGN THROUGH SURAKSHARADHAM) എന്ന പേരിലുള്ള പദ്ധതി നടപ്പിലാക്കി. കേരളത്തിലെ 100 സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ SPC, NCC, NSS, സ്കൗട്ട്സ് എന്നീ സ്കീമുകളിൽ പെട്ടതും തെരഞ്ഞെടുക്കപ്പെടുന്നതുമായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് സുരക്ഷിതത്വ പരിശീലനം നൽകുന്നതിലൂടെ സുരക്ഷാവബോധം സൃഷ്ടിക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

സംസ്ഥാനത്തെ വളർന്നു വരുന്ന യുവത്വത്തിലേക്ക് അപകടരഹിതമായ സുരക്ഷിതത്വ സംസ്കാരം വളർത്തിയെടുക്കുന്നതിലേയ്ക്കായുള്ള അടിത്തറ പാകുവാനുള്ള ഒരു പരിശ്രമം ആണ് ഇതു കൊണ്ട് ലക്ഷ്യമിടുന്നത്. ആകസ്മികമായുണ്ടാകുന്ന അപകടങ്ങളിൽ ദുരന്ത മുഖത്ത് പകച്ചു നിൽക്കാകെ സ്വയം ജീവൻ രക്ഷിക്കുന്നതോടൊപ്പം മറ്റുള്ളവരെ രക്ഷിക്കുവാൻ ഉതകുന്ന പ്രായോഗികമായ രക്ഷാപ്രവർത്തനത്തിനുള്ള പരിപാടിയാണ് പ്രചാരണത്തിലൂടെ ലക്ഷ്യമിടുന്നത്. പ്രകൃതി ദുരന്തങ്ങളും, അതുമൂലമുണ്ടാകുന്ന അനുബന്ധ അപകടങ്ങളും, വൈദ്യുതി ഷോട്ട് സർക്യൂട്ട്, വൈദ്യുത ലൈനുകളുടെ സമീപത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വൈദ്യുത ലൈനുകൾ പൊട്ടിക്കിടക്കുന്നതു കണ്ടാൽ ചെയ്യേണ്ടുന്ന കാര്യങ്ങൾ, ജലാശയങ്ങളിലും തോടുകളിലും വെള്ളക്കെട്ടുകളിലും ഉള്ള അപകട സാദ്ധ്യതകൾ, വീടുകളിലെ പാചക വാതകം കൈകാര്യം ചെയ്യുമ്പോഴുള്ള സുരക്ഷാ കാര്യങ്ങൾ, പ്രഥമ ശുശ്രൂഷ, അടിയന്തര സന്ദർഭത്തിൽ CPR കൊടുക്കുന്നതിലുള്ള പ്രായോഗിക പരിശീലനം, റോഡപകടങ്ങളിൽ രക്ഷാപ്രവർത്തനത്തിൽ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ, രാസവസ്തുക്കളുമായി വരുന്ന വാഹനങ്ങൾ അപകടത്തിൽപെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, തീപിടുത്തം, വിഷവാതക ചോർച്ച, പൊട്ടിത്തെറി തുടങ്ങി ഉണ്ടാകാനിടയുള്ള അപകട സന്ദർഭങ്ങളിൽ സ്വയം രക്ഷപ്പെടാനും അപകടത്തിന്റെ ആഘാതം കുറച്ച്

മറ്റുള്ളവരെ രക്ഷപ്പെടുത്തുവാനുമുള്ള പരിശീലനം നൽകുകയും മറ്റുള്ള കുട്ടികളെ പരിശീലിപ്പിക്കാൻ പ്രാപ്തരാക്കുകയുമാണ് ഈ പരിപാടിയുടെ ഒരു ലക്ഷ്യം.

തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തെരഞ്ഞെടുത്ത കുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നേരിട്ടെത്തി പരിശീലിപ്പിക്കുകയാണ് ഈ മൂലം ലക്ഷ്യമിടുന്നത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ്. നാഷണൽ സർവീസ് സ്കീം, NCC, സ്കൗട്ട്സ് തുടങ്ങിയവയിലെ സേവന സന്നദ്ധരായ കുട്ടികളെ കൂടി ഉൾപ്പെടുത്തി ഉള്ള പ്രായോഗിക പരിശീലനമാണ് വകുപ്പ് ലക്ഷ്യമിടുന്നത്. 2022 ജനുവരി മുതൽ ലഭ്യമായ പ്രവർത്തി ദിവസങ്ങളിൽ സ്ഥാപനങ്ങളുമായി സഹകരിച്ച് 100 പരിശീലന പരിപാടികൾ പൂർത്തിയാക്കണമെന്ന ലക്ഷ്യം മുൻ നിർത്തിയുള്ള പ്രവർത്തനമാണ് വകുപ്പ് ആസൂത്രണം ചെയ്യുന്നത്. അതുപോലെ കേരളത്തിലെ 50 വ്യവസായശാലകളിലെ കാഷ്വൽ, കോൺട്രാക്റ്റ്, ദിവസവേതനം, അതിഥി എന്നീ കാറ്റികളിൽ വരുന്ന തൊഴിലാളികൾക്ക് മാത്രമായി നിർമ്മാണപ്രക്രിയ സംബന്ധമായ ആരോഗ്യ സുരക്ഷിതത്വ പരിശീലനം നൽകുകയാണ് ഈ പദ്ധതിയുടെ മാറ്റൊരു ലക്ഷ്യം.

50 വ്യവസായശാലകളിലെ കാഷ്വൽ, കോൺട്രാക്റ്റ്, ദിവസവേതനം, അതിഥി എന്നീ കാറ്റഗറിയിലുള്ള തൊഴിലാളികൾക്ക് അവർ ജോലി ചെയ്യുന്ന വ്യവസായശാലകളിലും തൊഴിൽ സ്ഥലങ്ങളിലും ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഞ്ചരിക്കുന്ന സുരക്ഷാരഥം എന്ന പരിശീലന വാഹനം നേരിട്ട് എത്തി അവർ ജോലി ചെയ്യുന്ന നിർമ്മാണ പ്രക്രിയയ്ക്ക് അനുസൃതമായി ഉണ്ടാകാൻ സാദ്ധ്യതയുള്ള അപകടങ്ങളും തൊഴിൽജന്യ രോഗങ്ങളും സംബന്ധിച്ച് ഒരു ബോധവത്കരണ പ്രചാരണമാണ് ഈ പദ്ധതിയിലൂടെ ചെയ്യാൻ ഉദ്ദേശിക്കുന്നത്.

നാളിതു വരെ 100 വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 50 ഫാക്ടറികളിലും പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്.

## 20. WISE(Work Improvement for Small Enterprises) പരിശീലന പരിപാടി

ചെറുകിട ഫാക്ടറികളിലെ തൊഴിലാളികൾക്കും തൊഴിലുടമകൾക്കും നിയമം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥർക്കുമായി അന്താരഷ്ട്ര തൊഴിൽ സംഘടന (ILO)യുമായി സഹകരിച്ച്കൊണ്ട് 2022 ഏപ്രിൽ 26,27 തീയതികളിൽ കേരളസർക്കാർ ഫാക്ടറീസ് & ബോയിലേഴ്സസ് വകുപ്പ് സംഘടിപ്പിക്കുന്ന ആരോഗ്യ സുരക്ഷിതത്വ പരിശീലന പരിപാടിയുടെയും അന്താരാഷ്ട്ര സുരക്ഷാ ദിനത്തോടനുബന്ധിച്ച് 2022 ഏപ്രിൽ 28-ന് സംഘടിപ്പിക്കുന്ന ദേശീയ സുരക്ഷിതത്വ സമ്മേളനത്തിന്റെയും ഉദ്ഘാടനം ബഹു.വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ശ്രീ.വി.ശിവൻകുട്ടി എറണാകുളത്ത് നിർവഹിച്ചു.

പുതുതായി കേന്ദ്ര സർക്കാർ നടപ്പാക്കിയ ഒക്കുപേഷണൽ സേഫ്റ്റി ആന്റ് ഹെൽത്ത് വർക്കിങ് കണ്ടീഷൻ കോഡ് 2020 ഉൾപ്പെടെയുള്ള വിവധ ലേബർ കോഡുകൾ പ്രകാരം കേരള ഗവൺമെന്റ് രൂപീകരിച്ച റൂളുകൾ തൊഴിലാളികൾക്ക് ഗുണകരമാകുന്ന രീതിയാക്കിയിട്ടുണ്ടെന്ന് ബഹു.വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ശ്രീ.വി.ശിവൻകുട്ടി പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് അറിയിച്ചു.

സൈറ്റ് വിസിറ്റും ഗ്രൂപ്പ് ചർച്ചകളും ഇന്ററാക്ഷനുമുൾപ്പെടുത്തി അന്താരാഷ്ട്ര തൊഴിൽ സംഘടന(ILO)-യുടെ WISE(Work Improvement for Small

Enterprises) എന്ന ഈ നൂതന പരിശീലന പരിപാടിയിൽ വിവിധ ചെറുകിട ഫാക്ടറികളിലെ 15 തൊഴിലാളികളും 7 തൊഴിലാളി യൂണിയൻ പ്രതിനിധികളും 15 തൊഴിലുടമകളും 5 തൊഴിലുടമാ അസോസിയേഷൻ പ്രതിനിധികളും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരും ഉൾപ്പെടെ 50-ഓളം പേരാണ് പങ്കെടുത്തത്. തൊഴിലാളികളുടെ കൂടി പങ്കാളിത്തത്താൽ ആവിഷ്കരിച്ച പ്രസ്തുത പരിശീലന - പരിപാടിയായതിനാൽ തൊഴിലിടങ്ങളിലെ അപകട സാധ്യതകളെക്കുറിച്ച് മനസ്സിലാക്കുന്നതിനും അത്തരം അപകട സാഹചര്യങ്ങൾ എങ്ങനെ കാര്യക്ഷമമായി ഒഴിവാക്കാം എന്നത് സംബന്ധിച്ച നിർദേശങ്ങളും ടി പരിശീലന പരിപാടിയിൽ ഉണ്ടായി. ILO-യുടെ ഒക്കുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് സീനിയർ സ്പെഷ്യലിസ്റ്റ് ശ്രീ.യോഷി കാവകാമി - യുടെ നേതൃത്വത്തിൽ വിവിധ സെഷനുകൾ കൈകാര്യം ചെയ്യുകയും ആയത് വകുപ്പിലെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുകയുമുണ്ടായി.

## 21. ലഹരിമുക്ത കേരളത്തിന് ഊർജ്ജം പകർന്ന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് സംഘടിപ്പിക്കുന്ന ബോധവത്ക്കരണ പരിപാടി

സംസ്ഥാനത്ത് ലഹരി ഉപയോഗം തടയുന്നതിനും 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുനനതിനുമുള്ള സംസ്ഥാന സർക്കാർ തീരുമാനത്തിന് ഊർജ്ജം പകർന്ന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് 'നോ ടു ഡ്രഗ്സ് ' എന്ന ആശയത്തോടെ ഫാക്ടറികളിലും വ്യവസായ എസ്റ്റേറ്റുകളിലും ഒപ്പം വകുപ്പിലെ എല്ലാ ആഫീസുകളിലും ബോധവത്കരണ പരിപാടികൾ ആരംഭിച്ചു. വകുപ്പിന്റെ ബോധവത്ക്കരണ പ്രചാരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി ശ്രീമതി. മിനി ആന്റണി ഐ.എ.എസ് 07.10 .2022 തീയതിയിൽ കൊച്ചിൻ ഷിപ്യാർഡിൽ നടന്ന ചടങ്ങിൽ നിർവ്വഹിച്ചു. ലഹരിക്കെതിരെ ബോധവത്ക്കരണത്തിനായി വകുപ്പ് തയ്യാറാക്കിയ പോസ്റ്ററുകൾ ചടങ്ങിൽ ബഹുമാനപ്പെട്ട സെക്രട്ടറി പ്രകാശനം ചെയ്തു. ബഹു.സെക്രട്ടറി മുഖ്യപ്രഭാഷണം നിർവ്വഹിച്ച ചടങ്ങിൽ കൊച്ചിൻ ഷിപ്പിയാർഡ്, ജനറൽ മാനേജർ ശ്രീ ശിവകുമാർ തൊഴിലാളികൾക്ക് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുത്തു. തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ .ഡി.ലാൽ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ ശ്രീ. പി. പ്രമോദ്, കൊച്ചിൻ ഷിപ്പിയാർഡ് ഡയറക്ടർ ഓപ്പറേഷൻസ് ശ്രീ. ശ്രീജിത്ത് കെ.എൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചിരുന്നു.

സംസ്ഥാനത്തെ വിവിധ മേജർ ഫാക്ടറികളിലെ തൊഴിലാളികളിൽ ലഹരി ഉപയോഗത്തിനെതിരെ പ്രചാരണം സംഘടിപ്പിക്കൽ, വ്യവസായ എസ്റ്റേറ്റുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ, സെമിനാറുകൾ, ക്ളാസുകൾ എന്നിവ സംഘടിപ്പിക്കൽ, ഫാക്ടറികളിലും വ്യവസായ എസ്റ്റേറ്റുകളിലും ഒപ്പം വകുപ്പിലെ എല്ലാ ആഫീസുകളിലും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലൽ എന്നിവയും ബോധവത്ക്കരണം സജീവമായി നിലനിർത്തുന്നതിനായി പോസ്റ്ററുകൾ, ബാനറുകൾ, ബോർഡ് എന്നിവ സ്ഥാപിക്കാനും 'നോ ടു ഡ്രഗ്സ്' എന്ന ആശയത്തോടെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് മുന്നോട്ടു പോകുന്നു.

സംസ്ഥാനതലത്തിൽ ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ശ്രീ. ഷാബുജാൻ ടി.കെ. ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ചെയർമാനായ വകുപ്പുതല കമ്മിറ്റി രൂപീകരിച്ചു. മേഖലാ തല കമ്മിറ്റികളും രൂപീകരിച്ചു പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചു. വകുപ്പിലെ എല്ലാ ആഫീസുകളിലും 'നോ ടു ഡ്രഗ്സ്' ബോധവത്ക്കരണ പോസ്റ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു. വിവിധ ആഫീസുകളിൽ ബോധവത്ക്കരണ പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. വകുപ്പ് ഡയറക്ടറേറ്റിൽ 18-10-2022 തീയതിയിൽ ബോധവത്ക്കരണ പ്രതിജ്ഞ ജീവനക്കാർക്ക് ബഹു. ഡയറക്ടർ ശ്രീ പ്രമോദ് പി. ചൊല്ലിക്കൊടുക്കും. ഇതിനോടകം സംസ്ഥാനത്ത് 100-ൽ പരം ഫാക്ടറികളിൽ പ്രചാരണ പരിപാടികൾ വകുപ്പ് സംഘടിപ്പിച്ചു കഴിഞ്ഞു. വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഫാക്ടറികളിലും ലഹരി വിരുദ്ധ പോസ്റ്ററുകൾ, ബാനറുകൾ എന്നിവ പതിപ്പിച്ച് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വരും ദിവസങ്ങളിൽ കൂടുതൽ ഫാക്ടറികളിലും വ്യവസായ എസ്റ്റേറ്റുകളിലും പ്രചാരണ പരിപാടികൾ സംഘടിപ്പിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

## 22. "ഇന്റർനാഷണൽ വിഷൻ സീറോ കോൺക്ലേവ് ഓൺ ഒക്കുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് – സുരക്ഷിതം 2.0"

"ഇന്റർനാഷണൽ വിഷൻ സീറോ കോൺക്ലേവ് ഓൺ ഒക്കുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത്" - 'സുരക്ഷിതം 2.0' എന്ന പേരിൽ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് 2023 ഫെബ്രുവരി 6,7 തീയതികളിൽ എറണാകുളത്ത് വച്ച് രാജ്യാന്തര കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. ജർമൻ സോഷ്യൽ ആക്സിഡന്റ് ഇൻഷ്വറൻസ്(DGUV) ജർമനി, ഇൻഡോ ജർമൻ ഫോക്കൽ പോയിന്റ്(IGFP), നാഷണൽ സേഫ്റ്റി കൗൺസിൽ ഓഫ് ഇൻഡ്യ - കേരള ചാപ്റ്റർ എന്നിവയുമായി സഹകരിച്ച്കൊണ്ടാണ് ഈ രാജ്യാന്തര കോൺക്ലേവ് സംഘടിപ്പിച്ചത്. "ഇൻഡസ്ട്രി 4.0 - തൊഴിൽ-ആരോഗ്യ സുരക്ഷിതത്വത്തിലെ വെല്ലുവിളികളും അവസരങ്ങളും(Industry 4.0 - challenges and opportunities in Occupational Safety and Health)" എന്നതായിരുന്നു ടി കോൺക്ലേവിന്റെ പ്രമേയം. ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഓൺലൈൻ മുഖേന ഉദ്ഘാടനം നിർവഹിച്ച ടി കോൺക്ലേവിൽ ബഹു.തൊഴിലും വിദ്യാഭ്യാസവും വകുപ്പ് മന്ത്രി ശ്രീ.വി.ശിവൻകുട്ടി ഓൺലൈൻ മുഖന അദ്ധ്യക്ഷത വഹിക്കുകയും ബഹു.വ്യവസായ-നിയമ വകുപ്പ് ശ്രീ.പി.രാജീവ് മുഖ്യാഥിതിയായി ഓൺലൈൻ മുഖേന പങ്കെടുക്കുകയുമുണ്ടായി . ജർമനി, നെതർലണ്ട്, അമേരിക്ക, ഫ്രാൻസ്, യുണൈറ്റഡ് കിംഗ്ഡം തുടങ്ങിയ രാജ്യങ്ങളിലെയും ILO-യിലെയും ഉൾപ്പെടെ പ്രഗൽഭരായ പത്തോളം വിദേശ വിദഗ്ദരാണ് ടി അന്താരാഷ്ട്ര കോൺഫറൻസിൽ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചത്.

കേരളത്തിലെ വിവിധ ഫാക്ടറികളിൽനിന്നും മുൻകൂട്ടിരജിസ്റ്റർ ചെയ്ത ഫാക്ടറി മാനേജ്മെന്റ് പ്രതിനിധികൾ, സേഫ്റ്റി ഓഫീസർമാർ മുതലായവരും വകുപ്പിലെ ഉദ്യോഗസ്ഥരും ട്രേഡ് യൂണിയൻ പ്രതിനിധികളും മറ്റ് ക്ഷണിക്കപ്പെട്ടവരുമുൾപ്പെടെ അറുന്നൂറിൽപരം പേരാണ് ടി അന്താരാഷ്ട്ര കോൺക്ലേവിൽ പങ്കെടുത്തത്. ടി കോൺക്ലേവിനോടനുബന്ധിച്ച് വിവിധ

തൊഴിൽ സുരക്ഷാ ഉപകരണങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുയുണ്ടായി. സർക്കാരിന് യാതൊരുവിധ സാമ്പത്തികബാധ്യതയുമില്ലാത്തവിധമാണ് ടി രാജ്യാന്തര കോൺക്ലേവ് വകുപ്പ് സംഘടിപ്പിച്ചത്. ആധുനിക സാങ്കേതിക വിദ്യകൾ എപ്രകാരം സുരക്ഷിതമായി പ്രയോജനപ്പെടുത്താം എന്ന് 'Industry 4.0' എന്നതിലൂടെ നമ്മുടെ സംസ്ഥാനത്തെ വ്യവസായശാലാ പ്രതിനിധികൾക്കും തൊഴിലാളി ട്രേഡ് യൂണിയൻ നേതാക്കൾക്കും ഉദ്യോഗസ്ഥർക്കും ടി കോൺക്ലേവിലൂടെ പകർന്നു നൽകാൻ സാധിച്ചു.

# അധ്യായം – 4

## ഓൺലൈൻ സംവിധാനം അവലോകനം

സംസ്ഥാനത്ത് പൂർണ്ണതോതിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിയ ആദ്യ വകുപ്പാണ് ഫാക്ടറീസ് & ബോയിലേഴ്സ്. വകുപ്പ് നൽകുന്ന എല്ലാ പ്രധാന സേവനങ്ങളും പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ ലഭ്യമാണ്. ഫാക്ടറികളുടെ രജിസ്ട്രേഷൻ, കെട്ടിടങ്ങൾ പണിയുന്നതിനുള്ള പെർമിറ്റുകൾ, ലൈൻസൻസ് അനുവദിക്കൽ ,ലൈസൻസ് പുതുക്കൽ എന്നിവ ഉൾപ്പെടെ വകുപ്പ് നൽകുന്ന എല്ലാ സേവനങ്ങളും ഇ-ഗവേർണൻസ് സംവിധാനം നടപ്പിൽ വരുത്തി ഓൺലൈൻ ആയി നൽകി വരുന്നു. ബോയിലറുകളുടെ മേൽ പറഞ്ഞ എല്ലാ സേവനങ്ങളും ഓൺലൈനിലൂടെ ലഭ്യമാണ്. അതുവഴി പൊതുജനങ്ങൾക്ക് വകുപ്പിന്റെ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാകുന്നു. ഫാക്ടറികൾക്ക് അവയുടെ മികവ് പ്രകടിപ്പിക്കുവാൻ വകുപ്പ് സേഫ്റ്റി അവാർഡും ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഡയമണ്ട്, പ്ലാറ്റിനം, ഗോൾഡ്, സിൽവർ, ബ്രോൺസ് എന്നിങ്ങനെ ഗ്രേഡുകൾ നൽകുന്നു. ഫാക്ടറികൾക്ക് ഓൺലൈൻ മുഖേന വാർഷിക/അർദ്ധവാർഷിക റിട്ടേണുകൾ സമർപ്പിക്കുവാൻ കഴിയുന്നു. വകുപ്പിലെ എല്ലാ ഓഫീസുകളിലും ഡിജിറ്റൽ ഫയൽ പ്രോസസിംഗ് (e-office) ആരംഭിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ വീട്ടിലിരുന്നും യാത്രാവേളയിലും ഫയൽ പ്രോസസിംഗ് ഇതുവഴി സാധ്യമാകുന്നു. ഫാക്ടറികളെ അവയുടെ അപകടസാധ്യതയുടെ മുൻഗണനാക്രമത്തിൽ പരിശോധന നടത്തുന്നതിനായുള്ള മൊബൈൽ ആപ്ലിക്കേഷൻ ആയ വെബ് എനേബിൾഡ് റിസ്ക് വെയിറ്റഡ് ഇൻസ്പെക്ഷൻ സ്കീം (WERWIS) ഉപയോഗിച്ചാണ് നിലവിൽ പരിശോധന നടത്തുന്നത്. ഫാക്ടറി ലൈസൻസുകളുടെ ആധികാരികത പരിശോധിയ്ക്കുന്നതിനായി ലൈസൻസ് വെരിഫിക്കേഷൻ എന്ന ലിങ്ക് വകുപ്പിന്റെ വെബ് സൈറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## അധ്യായം-5

## 2022-2023 കാലയളവിലെ ഫാക്ടറി പരിശോധനാ വിവരങ്ങൾ

| Year | 2022 | | 2023 | |
|---|---|---|---|---|
| Region/ Factories | All factories | Hazardous factories | All factories | Hazardous factories |
| Kollam | 1253 | 35 | 1564 | 35 |
| Eranakulam | 1954 | 165 | 2372 | 191 |
| Kozhikode | 788 | 52 | 1410 | 9 |

## അധ്യായം-6

## 2023-24 കാലയളവിൽ ഫാക്ടറി തൊഴിലാളികൾ, സൂപ്പർവൈസർമാർ തുടങ്ങിയവർക്ക് വകുപ്പ് സംഘടിപ്പിച്ച പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ

| Region | No of training conducted | Total number of factories | Number of participants |
|---|---|---|---|
| Kollam | 11 | 272 | 892 |
| Ernakulam | 24 | 690 | 1343 |
| Kozhikode | 20 | 491 | 956 |
| **Total** | **55** | **1453** | **3191** |

# അധ്യായം-7

## അപകട സ്ഥിതി വിവരങ്ങൾ (ഫാറ്റൽ & നോൺ ഫാറ്റൽ)

| Year | Fatal Accidents | Non-Fatal Accidents | Total (2+3) |
|---|---|---|---|
| **1** | **2** | **3** | **4** |
| 2012 | 29 | 426 | 455 |
| 2013 | 27 | 386 | 413 |
| 2014 | 24 | 234 | 258 |
| 2015 | 20 | 326 | 346 |
| 2016 | 14 | 192 | 206 |
| 2017 | 16 | 236 | 252 |
| 2018 | 22 | 129 | 151 |
| 2019 | 27 | 128 | 155 |
| 2020 | 14 | 79 | 93 |
| 2021 | 12 | 117 | 129 |
| 2022 | 9 | 67 | 76 |
| 2023 | 22 | 62 | 84 |

## Fatal Non-fatal Accidents Graphical Representation




## അധ്യായം-8

## കേരളത്തിലെ ഫാക്ടറികളിലെ അപകട ഇൻസിഡന്റ് റേറ്റ് വിവരങ്ങൾ

| Year | Total No. of Factories | Total No. of Workers | Fatal Accidents | Non-Fatal Accidents | Total | Incident Rate |
|---|---|---|---|---|---|---|
| **1** | **2** | **3** | **4** | **5** | **6** | **7** |
| 2012 | 20473 | 644802 | 29 | 426 | 455 | 0.0706 |
| 2013 | 21382 | 645013 | 27 | 386 | 413 | 0.0640 |
| 2014 | 22254 | 534397 | 24 | 234 | 258 | 0.0483 |
| 2015 | 22602 | 602296 | 20 | 326 | 346 | 0.0570 |
| 2016 | 22545 | 698263 | 14 | 192 | 206 | 0.0295 |
| 2017 | 22062 | 678646 | 16 | 236 | 252 | 0.0371 |
| 2018 | 23540 | 693937 | 22 | 129 | 151 | 0.0218 |
| 2019 | 24204 | 619738 | 27 | 128 | 155 | 0.0250 |
| 2020 | 24415 | 643589 | 14 | 79 | 93 | 0.0144 |
| 2021 | 24277 | 649090 | 12 | 117 | 129 | 0.0198 |
| 2022 | 23762 | 665803 | 9 | 67 | 76 | 0.0114 |
| 2023 | 22601 | 602493 | 22 | 62 | 84 | 0.0139 |

## Accident Incident rate Graphical Representation



# അധ്യായം-9

## അപകട സ്ഥിതി വിവരങ്ങൾ (ദേശീയ ഇൻസിഡൻസ് റേറ്റ്)

| Sl.No | State/Union Territory | 2015 | 2016 | 2017 | 2018 | 2019 |
|---|---|---|---|---|---|---|
| | | Total (IR) | Total (IR) | Total (IR) | Total (IR) | Total (IR) |
| 1 | Andaman & Nicobar | 7.25 (-) | 10.32 (-) | 16.22 (-) | 10.43 (-) | 7.24(-) |
| 2 | Andhra Pradesh | 0.32 (0.11) | 0.3 (0.1) | 0.24 (0.07) | 0.16 (0.05) | 0.17(0.07) |
| 3 | Arunachal Pradesh | NA | NA | NA | NA | NA |
| 4 | Assam | 0.22 (0.04) | 0.22 (0.05) | 0.24 (0.04) | 0.17 (0.04) | 0.09(0.01) |
| 5 | Bihar | 0.95 (0.05) | 1.11 (0.06) | 0.51 (0.09) | 0.45 (0.11) | 0.04(0.01) |
| 6 | Chandigarh | - | 0.08 (0.08) | 0.61 (0.08) | 0.24 (-) | 0.09(-) |
| 7 | Chahattisgarh | 0.44 (0.26) | 0.44 (0.24) | NA | 0.44 (0.25) | 0.42(0.24) |
| 8 | Daman & Diu and DNH | 0.38 (0.06) | 0.28 (0.08) | 0.23 (0.08) | 0.39 (0.13) | 0.59(0.01) |
| 9 | Delhi | NA | NA | NA | NA | NA |
| 10 | Goa | 1 (0.11) | 0.64 (0.03) | 0.62 (0.05) | 0.39 (0.03) | 0.3(0.03) |
| 11 | Gujarat | 1.09 (0.13) | 0.86 (0.15) | 1.06 (0.21) | 0.74 (0.14) | 0.51(0.12) |
| 12 | Haryana | 0.1 (0.05) | 0.15 (0.07) | 0.14 (0.07) | 0.08 (0.04) | 0.07(0.03) |
| 13 | Himachal Pradesh | 0.02 (-) | 0.05 (0.01) | 0.03 (0.01) | 0.04 (0.02) | 0.04(-) |
| 14 | Jammu & Kashmir | NA | NA | NA | NA | 0.09(0.04) |
| 15 | Jharkhand | 0.53 (0.11) | 0.37 (0.08) | 0.28 (0.07) | 0.24 (0.06) | 0.2(0.07) |
| 16 | Karnataka | NA | NA | NA | NA | NA |
| 17 | Kerala | NA | NA | NA | NA | 0.45(0.08) |
| 18 | Lakshadweep | NA | NA | NA | NA | NA |
| 19 | Madhya Pradesh | NA | 0.68 (0.05) | NA | NA | NA |
| 20 | Maharashtra | 0.79 (0.07) | NA | NA | NA | NA |
| 21 | Manipur | NA | NA | - | - | - |
| 22 | Meghalaya | 0.18 (0.09) | 0.21 (0.11) | 0.3 (0.2) | 0.65 (0.28) | 0.07(0.07) |
| 23 | Mizoram | NA | NA | NA | - | NA |
| 24 | Nagaland | - | - | - | - | - |
| 25 | Odisha | 1.01 (0.23) | 0.78 (0.17) | 0.66 (0.17) | 0.27 (0.12) | NA |
| 26 | Puducherry | 0.25 (0.06) | 0.25 (0.02) | 0.44 (0.03) | 0.67 (0.06) | 0.45(0.06) |

| | | | | | | |
|---|---|---|---|---|---|---|
| 27 | Punjab | NA | NA | NA | NA | NA |
| 28 | Rajasthan | 1.3 (0.07) | 0.23 (0.03) | 0.73 (0.06) | 0.55 (0.06) | 0.4(0.06) |
| 29 | Sikkim | NA | NA | NA | NA | NA |
| 30 | Tamil Nadu | NA | 0.26 (0.06) | 0.17 (0.04) | NA | 0.15(0.05) |
| 31 | Telengana | 0.31 (0.1) | 0.26 (0.08) | 0.3 (0.09) | 0.2 (0.07) | 0.24(0.06) |
| 32 | Tripura | 0.12 (0.07) | 0.09 (0.03) | 0.06 (0.02) | 0.01 (-) | - |
| 33 | Uttar Pradesh | NA | NA | NA | NA | NA |
| 34 | Uttarakhand | 0.11 (0.05) | 0.14 (0.03) | 0.08 (0.02) | 0.16 (0.04) | 0.1(0.03) |
| 35 | West Bengal | NA | NA | NA | NA | NA |
| **Total** | | **0.64 (0.09)** | **0.42 (0.08)** | **0.39 (0.08)** | **0.36 (0.09)** | **0.25(0.06)** |


Note: i. I.R = Incidence Rate per 1000 workers employed
ii. NA = Not Available iii. (-) = Nil
iv.Figures in bracket pertgain to “Fatalities” and are included in the total
V.Rates have been worked out on the basis of annual Return
Source: Data received from Labour Bureau through correspondence

# അധ്യായം-10

## പ്രോസിക്യൂഷൻ വിവരങ്ങൾ

| Year | No. of Factories which prosecution taken | No. of cases filed | No. of Cases convicted | Fine Imposed |
|---|---|---|---|---|
| **1** | **2** | **3** | **4** | **5** |
| 2012 | 20 | 27 | 18 | 1,68,250.00 |
| 2013 | 21 | 23 | 28 | 4,81,250.00 |
| 2014 | 40 | 47 | 20 | 4,64,500.00 |
| 2015 | 32 | 45 | 28 | 5,15,750.00 |
| 2016 | 26 | 35 | 15 | 5,50,000.00 |
| 2017 | 43 | 58 | 26 | 3,23,000.00 |
| 2018 | 28 | 34 | 23 | 4,50,500.00 |
| 2019 | 21 | 32 | 18 | 3,77,500.00 |
| 2020 | 29 | 45 | 14 | 4,86,000.00 |
| 2021 | 46 | 57 | 52 | 12,72,000.00 |
| 2022 | 22 | 45 | 37 | 8,11,000.00 |
| 2023 | 59 | 36 | 24 | 5,75,996.00 |

## Prosecution Details Graphical Representation



## അധ്യായം-11

## വകുപ്പ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പുതിയ പഞ്ചവൽസര പദ്ധതികൾ

# 1. Strengthening of the Enforcement System

## 1. വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തേണ്ടതിന്റെ അനിവാര്യത

### 1.1 ജില്ലാതലത്തിലെ ഓഫീസുകളുടെ അപര്യാപ്തത

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ നിലവിൽ ഡിവിഷണൽ ഓഫീസുകളാണ് ഉള്ളത്. പത്തനംതിട്ട, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഓഫീസുകളില്ല. എന്നാൽ എറണാകുളം, തൃശ്ശൂർ തുടങ്ങിയ ജില്ലകളിൽ മൂന്നിലധികം ഓഫീസുകളുണ്ട്. ജില്ലാതലത്തിലെ ഓഫീസുകളുടെ അപര്യാപ്തത, ഫാക്ടറി തൊഴിലാളികളുടെയും പൊതുജനങ്ങളുടെയും ആരോഗ്യ സുരക്ഷാ ഉറപ്പ് വരുത്തുന്നതിന് തടസ്സമായി നിൽക്കുന്നു. ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ല വ്യവസായ വികസന സമിതി (DDC), ഏകജാലക ക്ലിയറൻസ് ബോർഡ് (SWCB), ഗ്രീൻ ചാനൽ ക്ലിയറൻസ് കമ്മിറ്റി (GCCC), ഡിസാസ്റ്റർ മാനേജ്മെൻറുമായി ബന്ധപ്പെട്ട ഡിസ്ട്രിക്ട് ക്രൈസിസ് ഗ്രൂപ്പ് (DCG) ഉൾപ്പെടെ വിവിധ കമ്മിറ്റികളിൽ വകുപ്പിന്റെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിനും ജില്ലാടിസ്ഥാനത്തിൽ ഓഫീസുകൾ അനിവാര്യമാണ്. കൂടാതെ വ്യവസായ വൽക്കരണത്തിന്റെ ഭാഗമായി മേൽ സൂചിപ്പിച്ചിട്ടുള്ള ജില്ലകളിലും ഫാക്ടറികൾ വർദ്ധിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോൾ വകുപ്പിന്റെ ഓഫീസുകൾ ജില്ലാ അടിസ്ഥാനത്തിൽ ഇല്ലാത്തതിനാൽ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സ്കീം (CIS) മേഖലാടിസ്ഥാനത്തിലാണ് നടപ്പാക്കിയിട്ടുള്ളത്. ഇത് ഫാക്ടറി പരിശോധന നടത്തുന്നതിന് വലിയ ബുദ്ധിമുട്ട് സൃഷ്ടിച്ചിരിക്കുകയാണ്. ഇക്കാരണത്താൽ വകുപ്പിന്റെ ഓഫീസുകൾ ജില്ലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കേണ്ടതായിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ ഓഫീസുകൾ രൂപീകൃതമാകുമ്പോൾ നിലവിലെ 47 ഡിവിഷൻ ഓഫീസുകൾ 14 ജില്ലാ ഓഫീസുകളായി ചുരുങ്ങുന്നതാണ്. എസ്റ്റാബ്ലിഷ് മെന്റുകളുടെ എണ്ണം പകുതിയിൽ താഴെയായി ചുരുങ്ങുന്നതോടെ ഓഫീസ് ചെലവുകൾ ഗണ്യമായി കുറയും.

### 1.2 P&ARD, വകുപ്പ് നടത്തിയ വർക്ക് സ്റ്റഡിയും എ. ജി യുടെ റിപ്പോർട്ടും.

വകുപ്പിനെ സംബന്ധിച്ച് P&ARD, വകുപ്പ് നടത്തിയ വർക്ക് സ്റ്റഡിയിൽ, വകുപ്പിൽ നിലവിലുള്ള manpower ഉം infrastructure ഉം വകുപ്പ് എൻഫോഴ്സ് ചെയ്യുന്ന ആക്ടുകളും, റൂളുകളും ഫലപ്രദമായി നടപ്പിലാക്കുന്നതിന് തികച്ചും അപര്യാപ്തമാണെന്നും, എൻഫോഴ്സ്മെന്റ് വകുപ്പെന്ന നിലയിൽ വകുപ്പിനെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും വകുപ്പിൽ നടത്തിയിട്ടുള്ള വർക്ക് സ്റ്റഡിയിലും ഇതേ കാര്യം വ്യക്തമാക്കുന്നുണ്ട്. ഓരോ ഡിവിഷനിലും രജിസ്റ്റർ ചെയ്തിട്ടുള്ള ഫാക്ടറികളിൽ വർഷത്തിൽ ഒരു തവണയെങ്കിലും പരിശോധന നടത്താൻ കഴിയാത്ത വിധം ഫാക്ടറികൾ ഓരോ ഡിവിഷനിലും ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ 24268 ഫാക്ടറികളിലായി പണിയെടുക്കുന്ന 7,05,226 തൊഴിലാളികളുടെ കാര്യം പരിശോധിക്കുന്നത് 26 ഫാക്ടറി ഇൻസ്പെക്ടര്മാരും 25 അഡീഷണൽ ഫാക്ടറി ഇൻസ്പെക്ടര്മാരും ആണ്. അതായത് ഒരു വർഷം ശരാശരി ഒരു ഇൻസ്പെക്ടർക്ക് 13,828 തൊഴിലാളികൾ എന്ന രീതിയിൽ ആരോഗ്യ സുരക്ഷിതത്വ നിയമങ്ങൾ ഉറപ്പാക്കേണ്ടതായിട്ടുണ്ട്. ഇതു കൂടാതെ സി&എ.ജി വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡിയിൽ,വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച ഫാക്ടറി ലിസ്റ്റ് പ്രകാരം ഏകദേശം 8000 ഫാക്ടറികൾ കൂടി രജിസ്റ്റർ ചെയ്യേണ്ടതായി ഉണ്ട്. അത് കൂടി ചേർക്കുമ്പോൾ ഫാക്ടറികളുടെ എണ്ണം 32268 (24268+ 8000 = 32268) ആകും. അതായത് ഒരു ഇൻസ്പെക്ടർ വർഷത്തിൽ പരിശോധന നടത്തേണ്ടതായ ഫാക്ടറികളുടെ എണ്ണം 633 ആയി ഉയരും. നിലവിലെ ഓഫീസർമാരുടെ എണ്ണം ഇത്രയധികം ഫാക്ടറികൾ വർഷത്തിൽ ഒരു തവണയെങ്കിലും പരിശോധിക്കാൻ പര്യാപ്തമല്ല. അതിനാൽ ജീവനക്കാരുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കേണ്ടതാണ്.

### 1.3 ILO യുടെ മാനദണ്ഡപ്രകാരമുള്ള കണക്കുകൾ

ഫാക്ടറികളുടെ എണ്ണം 32268 ആയി ഉയരുന്നതോടെ തൊഴിലാളികളുടെ എണ്ണവും ആനുപാതികമായി 937705 ആയി ഉയരുന്നതാണ്. ടി സാഹചര്യത്തിൽ ഒരു ഓഫീസർ ഏകദേശം 18386 തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കേണ്ടിവരുന്നു. ILO യുടെ Labour Inspection Convention –നെ അടിസ്ഥാനപ്പെടുത്തി ഇത്രയധികം

തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വ നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഓഫീസർമാർ നിലവിൽ വകുപ്പിൽ അപര്യാപ്തമാണ്. ഇതിനു പുറമെ, നിലവിലുള്ള ഫാക്ടറികളുടെയും, ബോയിലറുകളുടെയും പരിശോധന, ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ട്സ് ഉൾപ്പെടെയുള്ള ദൈനംദിന ജോലികൾ എന്നിവയ്ക്ക് പുറമെ കോടതി വ്യവഹാരം, കളക്ടറേറ്റിലും മറ്റുമായി വിവിധ മീറ്റിങ്ങുകൾ, രജിസ്റ്റർ ചെയ്യാത്ത ഫാക്ടറികളുടെ പരിശോധന തുടങ്ങിയ ജോലികളും ഇൻസ്പെക്ടർമാർ നിർവ്വഹിക്കേണ്ടതായും വരുന്നു. ഇതുകൂടാതെ BOCW കൺസ്ട്രക്ഷൻ മേഖലയിലുള്ള സ്ക്വാഡ് പരിശോധനകളും ആക്സിഡന്റ് ഇൻവെസ്റ്റിഗേഷനുകളും നടത്തേണ്ടതുണ്ട്.

### 1.4 കെട്ടിട നിർമ്മാണ മേഖലയിലെ സുരക്ഷ

കൺസ്ട്രക്ഷൻ മേഖലയിൽ ഇന്ത്യയിൽ അറുപതുലക്ഷത്തിനുമേൽ തൊഴിലാളികൾ ദിനംപ്രതി ജോലി ചെയ്തു വരുന്നു. ഈ മേഖലയിൽ അനുദിനം അപകടങ്ങൾ വർദ്ധിച്ചുവരുന്ന സ്ഥിതി വിശേഷമാണുള്ളത്. കൺസ്ട്രക്ഷൻ മേഖലയിൽ ഉണ്ടാകുന്ന അപകടങ്ങളിൽ പലതും റിപ്പോർട്ട് ചെയ്യപ്പെടാതെ പോകുകയോ മറച്ചുവെയ്ക്കുകയോ ചെയ്യപ്പെടുന്നു. പത്രമാധ്യമങ്ങൾ, അംഗീകൃത ജേർണലുകൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, ഹോസ്പിറ്റൽ റെക്കോർഡ്സ്, ഓൺലൈൻ സേർച്ച് എൻജിൻസ്, സിമന്റിന്റെ ദിനംപ്രതി ഉപയോഗം എന്നിവ കോറിലേറ്റ് ചെയ്തു നടത്തിയ ഗവേഷണങ്ങളിൽ പതിനായിരം തൊഴിലാളികൾ പണിയെടുക്കുമ്പോൾ അതിൽ ഉദ്ദേശം 22 തൊഴിലാളികൾ മരണപ്പെടുന്നുവെന്നാണ് (അതായത് ഫാറ്റലിറ്റി റേറ്റ് 0.22 എന്നാണ്). ഈ സാഹചര്യത്തിൽ BOCW Act & rules നടപ്പാക്കി നിർമ്മാണമേഖലയിലെ തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിന് പ്രത്യേക പരിശോധന വിഭാഗം രൂപീകരിക്കേണ്ടതുണ്ട്.

### 1.5 നികുതി ഇതര വരുമാനം സംബന്ധിച്ച കണക്കുകൾ

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് എന്നത് ഒരു റവന്യൂ ഓറിയന്റഡ് വകുപ്പ് അല്ല എന്നുള്ളത് പരിഗണിക്കേണ്ടതാണ്. ഒരു എൻഫോഴ്സ്മെന്റ് വകുപ്പ് എന്ന നിലയിൽ വകുപ്പ് സർവീസ് ഓറിയന്റഡ് ആണ്. കൂടാതെ ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി മറ്റൊരു വകുപ്പ്

കേരളത്തിൽ നിലവിൽ ഇല്ല എന്നതും പരിഗണിക്കേണ്ടതാണ്. എന്നിരുന്നാലും നികുതി ഇതര വരുമാന ഇനത്തിൽ വകുപ്പ് 12 കോടിയോളം രൂപ സമാഹരിക്കുന്നുണ്ട്. വകുപ്പ് ശക്തിപ്പെടുത്തുന്നതിലൂടെ കൂടുതൽ ഫാക്ടറികൾ രജിസ്റ്റർ ചെയ്യുന്നതിനും അതുവഴി നികുതി ഇതര വരുമാനം ആനുപാതികമായി വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

### 1.6 വിഷൻ സീറോ ആക്സിഡന്റ്

ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ഗോൾ 2030 ലെ ഗോൾ 8.8 ലക്ഷ്യമാക്കി തൊഴിൽ ജന്യ രോഗമുക്തവും അപകടരഹിതവുമായ ഒരു വ്യവസായ അന്തരീക്ഷം സംജാതമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് വകുപ്പ് പ്രവർത്തിക്കുന്നത്. മുൻ കാലങ്ങളിൽ നടന്ന വ്യാവസായിക അപകടങ്ങൾ സംബന്ധിച്ച് നടത്തിയ പഠനങ്ങളിൽ 90% അപകടങ്ങളും "സുരക്ഷിതമല്ലാത്ത പ്രവൃത്തി" കാരണമാണ് ഉണ്ടായിട്ടുള്ളതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സുരക്ഷാപരിശീലനത്തിലൂടെയും, മാർഗ്ഗനിർദ്ദേശങ്ങളിലൂടെയും ഇത്തരം അപകടങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ കഴിയും. കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ ലോക്ഡൗണിനുശേഷം പ്രവർത്തനം പുനരാരംഭിച്ച രാസവ്യവസായശാലകളിൽ ഉണ്ടായ അപകടങ്ങളിൽ നിരവധി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശാഖപട്ടണത്തെ LG Polymers-ൽ ഉണ്ടായ അപകടവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട അന്വേഷണ കമ്മീഷനുകൾ ബന്ധപ്പെട്ട വകുപ്പുകളിലെ പരിശോധനയുടെയും manpower-ന്റെയും കുറവുമൂലമാണ് ഇത്തരം അപകടങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് ചൂണ്ടികാണിച്ചിട്ടുണ്ട്. ടി ശുപാർശകൾ നടപ്പിലാക്കുന്നതിലേക്കായി പുതിയ തസ്തികകൾ അനിവാര്യമാണ്.

കെമിക്കൽ, പെട്രോകെമിക്കൽ അപകടങ്ങൾ സംസ്ഥാനത്ത് ഉണ്ടായാൽ, അതിന്റെ ഭവിഷ്യത്ത് നമുക്ക് കണക്കുകൂട്ടുവാൻ കഴിയുന്നതിലും അപ്പുറത്തായിരിക്കും. ആയതിനാൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടാകാനിടയുള്ള സാഹചര്യം തന്നെ ഒഴിവാക്കുന്നതിനായി നിരന്തരം ഫാക്ടറി പരിശോധനകളും ബോധവത്കരണവും അത്യാവശ്യമാണ്. വ്യാവസായിക അപകടങ്ങൾ ഉണ്ടാകുമ്പോൾ പലവിധത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം; ജീവനക്കാർക്ക് ശമ്പള ഇനത്തിൽ നൽകേണ്ടുന്ന തുകയേക്കാൾ പതിൻമടങ്ങ് കൂടുതൽ ആയിരിക്കും. ആയതിനാൽ സംസ്ഥാനത്തെ ഒരു നിക്ഷേപ സൗഹൃദ,

വ്യാവസായിക സൗഹൃദ സംസ്ഥാനം ആയി മാറ്റുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും, അപകടരഹിതമായ ഒരു വ്യവസായ അന്തരീക്ഷം സാധ്യമാക്കുക എന്ന

വകുപ്പിന്റെ ലക്ഷ്യം കൈവരിക്കുന്നതിനും, വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്.

## 2. Adoption of the Industry 4.0 technology in Occupational Safety & Health

വ്യാവസായിക ദുരന്തങ്ങളും തൊഴിലിടങ്ങളിലെ അപകടങ്ങളും പരമാവധി കുറയ്ക്കുകയും തടയുകയും ചെയ്യുക എന്ന ശക്തിയുക്തമായ പ്രവർത്തന സംവിധാനത്തിൽ ഏർപ്പെട്ടിരിക്കുന്ന വകുപ്പാണ് ഫാക്ടറീസ് & ബോയിലേഴ്സ്. സംസ്ഥാനത്ത് സംഭവിക്കുന്ന വ്യാവസായിക അപകടങ്ങൾ വലിയ തോതിൽ കുറയ്ക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിജയപ്രദമായിരുന്നു എന്നാണ് അഖിലേന്ത്യാ തലത്തിലുള്ള സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നിട്ടും തൊഴിലിടങ്ങളിലെ നിരവധി അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാത്തതായി ഉണ്ടെന്ന് വകുപ്പ് ശക്തമായി വിശ്വസിക്കുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിൽ യഥാർത്ഥത്തിൽ എത്ര അപകടങ്ങൾ നടന്നിട്ടുണ്ടെന്ന് കണ്ടെത്താൻ വകുപ്പിലെ നിലവിലെ strength പര്യാപ്തമല്ല. ഫാക്ടറി തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങൾ, ഫാക്ടറി നിയമങ്ങൾ, ചട്ടങ്ങൾ മുതലായവയെക്കുറിച്ച് പൂർണ്ണമായി അറിവുണ്ടാകില്ല. അതിനാൽ, സംസ്ഥാനത്ത് ഫാക്ടറി അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാത്ത ചില സാധ്യതകൾ ഉണ്ടെന്ന് നമുക്ക് അനുമാനിക്കാം.

VISION-ZIAD (Zero Industrial Accident & Diseases) ലക്ഷ്യം കൈവരിച്ച് ഫാക്ടറികളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് Industry 4.0 സാങ്കേതിക വിദ്യകൾ വകുപ്പ് ഇതുവരെ തെരെഞ്ഞെടുത്തിട്ടില്ല. അതിനാൽ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽജന്യ രോഗങ്ങളും അപകട സാഹചര്യവും കുറച്ച് സാമ്പത്തികഭദ്രത കൈവരിക്കുന്നതിനായി പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് മേല്പടി സ്കീം ഏറ്റെടുത്ത് നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

ഫാക്ടറികൾ അതിവേഗം ചലിക്കുന്ന യന്ത്രങ്ങളാലും, ഉപകരണങ്ങളാലും, നിറഞ്ഞിരിക്കുന്നു ഇത് ലോകമെമ്പാടുമുള്ള മുൻനിര

തൊഴിലാളികൾക്ക് അപകടസാധ്യത വർദ്ധിപ്പിക്കുന്നു. സുരക്ഷാ നിയന്ത്രണങ്ങൾ നിലവിലുണ്ടെങ്കിലും, അപകടങ്ങൾ ഇപ്പോഴും പതിവായി സംഭവിക്കുന്നു. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ റിപ്പോർട്ട് പ്രകാരം ഓരോ വർഷവും ഏകദേശം 313 ദശലക്ഷം തൊഴിൽ അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത് തൊഴിലാളിയെ ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്നതിലേക്ക് നയിക്കുന്നു, കൂടാതെ ആഗോള സമ്പദ്‌വ്യവസ്ഥയ്ക്ക് ഏകദേശം 3 ട്രില്യൺ ഡോളർ നഷ്ടം ഉണ്ടാക്കുന്നു. Industry 4.0 വ്യവസായത്തിന്റെ ഒരു പുതിയ മാതൃകയാണ്. ഇത് വളരെ വേഗം കൃത്യമായ തീരുമാനമെടുക്കൽ, ഉൽപ്പാദനത്തോടുള്ള പുതിയ സമീപനം മുതലായവയിലേക്ക് നയിക്കുന്നു. കൂടാതെ ഇത് തൊഴിലാളികളുടെ ആരോഗ്യത്തിലും സുരക്ഷയിലും കാര്യമായ സ്വാധീനം ചെലുത്തിയേക്കാം. ഇൻഡസ്ട്രി 4.0 ന്റെ സഹായത്തോടെ തൊഴിലാളികൾക്ക് ഡിജിറ്റലി കണക്റ്റഡ് സാങ്കേതിക വിദ്യ അടുത്തിടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. നൂതനമായ നിർമ്മാണ പ്രക്രിയകൾ പുതിയ അപകടസാധ്യതകളിലേക്ക് നയിച്ചേക്കാം, കൂടാതെ തൊഴിൽ അപകടസാധ്യതകൾ വിശകലനം ചെയ്യുന്ന പരമ്പരാഗത രീതികളും ഉപകരണങ്ങളും ഉപയോഗിച്ച് ഈ ഉയർന്നുവരുന്ന അപകടസാധ്യതകളെ നിർവചിക്കാൻ കഴിയണമെന്നില്ല. അതിനാൽ അപകടസാധ്യതാ വിശകലന രീതികളുടെ പുതിയ മാതൃകകൾ നടപ്പിലാക്കേണ്ടത് ആവശ്യമാണ്.

2030 ഓടു കൂടി VISION-ZIAD റാൻഡമായി ഐക്യരാഷ്ട്ര സഭയുടെ ഗോൾ 8.0 (മാന്യമായ തൊഴിലും സാമ്പത്തിക വളർച്ചയും) ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. പ്രസ്തുത സാഹചര്യത്തിൽ ചുവടെ വിവരിക്കുന്ന നിരവധി തന്ത്രങ്ങൾ ആസൂത്രണം ചെയ്ത് മേൽപ്പടി പദ്ധതി സാങ്കേതിക മികവോടും നാലാം വ്യാവസായിക വിപ്ലവത്തിന്റെ മുന്നേറ്റവും സമുന്നയിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നതാണ്.

1. Artificial Intelligence സാങ്കേതിക വിദ്യ നടപ്പിലാക്കിക്കൊണ്ട് സുരക്ഷിതമില്ലാത്ത പ്രവർത്തികളും സാഹചര്യങ്ങളും കൊണ്ടുണ്ടാകുന്ന റിസ്കുകൾ ഒഴിവാക്കുന്ന തന്ത്രം.
2. Artificial Intelligence സാങ്കേതിക വിദ്യയിലൂന്നി വ്യാവസായിക തന്ത്രം ഉപയോഗിച്ച് ഫാക്ടറികളെ സ്മാർട്ട് ആക്കി മാറ്റുക.
3. Facilitator ആയി പ്രവർത്തിക്കുക

4. AR/VR ലാബുകൾ വഴി അപകട സാധ്യതയുള്ള ജോലി സ്ഥലങ്ങളിൽ ജോലി ചെയ്യുന്നതിന് പരിശീലനം ക്രമീകരിക്കൽ.

5. ജോലി സ്ഥലം പരിചിതമാകുന്നതിന് സഹായകരമാകുന്ന തരത്തിൽ AR പരിശീലനം നൽകൽ

വിവിധ അപകടകരമായ വ്യവസായ ശാലകളിൽ ഈ സാങ്കേതിക വിദ്യകൾ വളരെ വിശാലമായി നിലവിലെ ആഗോളഗതിയുമായി കൂട്ടിച്ചേർത്ത് നടപ്പിലാക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. അവയിൽ ചിലത് താഴെ വിശദീകരിക്കുന്നു.

1. PPE's & harness ഉപയോഗം കണ്ടെത്തുന്നതിനും മനുഷ്യ-മെഷീൻ ഇടപെടലുകൾ, Spill കണ്ടെത്തൽ എന്നിവ ട്രാക്കുചെയ്യുന്നതിനും AI ക്യാമറകളുടെ ഉപയോഗം.

2. കൂട്ടിയിടി തടയൽ, പ്രോക്സിമിറ്റി അലാറങ്ങൾ, ജോലിസ്ഥലത്തെ എർഗണോമിക്സ്, താപനില & വായു നിരീക്ഷണ പഠനങ്ങൾ എന്നിവയ്ക്കായി AI ഉപയോഗിച്ചുള്ള സെൻസറുകളുടെ ഉപയോഗം.

3. തൊഴിലാളികളുടെ ഹൃദയമിടിപ്പ്, താപ സമ്മർദ്ദം എന്നിവ നിരീക്ഷിക്കുന്നതിനും വായുവിന്റെ ഗുണനിലവാരം, ഈർപ്പം തുടങ്ങിയ ബാഹ്യ ഘടകങ്ങൾ നിരീക്ഷിക്കുന്നതിനുള്ള AI സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സ്മാർട്ട് വാച്ചുകളുടെ ഉപയോഗം

4. അപകട സാധ്യത കൂടിയ മെഷീനുകളിലെ robotic arm ഉപയോഗം, സ്വയം നിയന്ത്രിത വാഹനങ്ങൾ, ഡ്രോൺ അസിസ്റ്റന്റ്, അടിയന്തര സാഹചര്യങ്ങളിലെ രക്ഷപെടുത്തൽ എന്നീ സാഹചര്യങ്ങളിൽ റോബോട്ടിക്സ്, കോബോട്ടിക്സ് സാങ്കേതിക വിദ്യയുടെ ഉപയോഗം.

5. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗിച്ച് ശേഖരിക്കുന്ന ഡേറ്റകളുടെ സഹായത്തോടെ ഡാറ്റാ അനലിറ്റിക്സ് ഉപയോഗിച്ചുള്ള Predictive analysis ഉം rective analysis ഉം. വികസിത രാജ്യങ്ങൾ ആഗോളതലത്തിൽ സ്വീകരിച്ച ഈ രീതികൾ വൻ വിജയമായി.

വകുപ്പിന്റെ മൗലികമായ ചുമതലകളിൽ നിന്ന് നിലവിലെ ആഗോള വെല്ലുവിളികളെ അതിജീവിക്കുന്നതിന് വേണ്ടി പ്രസ്തുത പദ്ധതി

വിഭാവനം ചെയ്ത് നടപ്പിലാക്കി facilitator എന്ന നിലയിലേക്ക് കൂടി മാറാൻ ഉദ്ദേശിക്കുന്നു.

## 3. Research and Development Wing

ഒക്കുപേഷണൽ സേഫ്റ്റി ആന്റ് ഹെൽത്ത് (OSH) മേഖലയിൽ ആഗോളതലത്തിൽ സാങ്കേതിക വിപ്ലവങ്ങളും ഗവേഷണ പര്യവേക്ഷണങ്ങളും അതിവേഗം നടക്കുന്നുണ്ട്. പാശ്ചാത്യ രാജ്യങ്ങളിൽ, ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുകളുമായും ഗ്ലോബൽ സേഫ്റ്റി ബോഡികളുമായും സഹകരിച്ച് OSH ഡിപ്പാർട്ട്മെന്റ് വിവിധ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും അവരുടെ സാങ്കേതിക തന്ത്രങ്ങളും എൻഫോർസ്മെന്റ് തന്ത്രങ്ങളും നിരന്തരം അപ്ഡേറ്റ് ചെയ്യുകയും ചെയ്യുന്നു. അവരുടെ ഓർഗനൈസേഷന്റെ സുരക്ഷാ ഉദ്യോഗസ്ഥരും പ്രാക്ടീഷണർമാരും അവരുടെ ഗവേഷണ-വികസന പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് തുടർച്ചയായി പരിശീലനം നേടുകയും ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നു. നിലവിൽ, ഇന്ത്യയിലെ ഒരു സംസ്ഥാനത്തും OSH വകുപ്പുകൾക്ക് ഗവേഷണ പഠനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും സൗകര്യമില്ല.

നിലവിൽ, ആഗോളതലത്തിൽ പ്രത്യേകിച്ച് OSH മേഖലയിൽ നടക്കുന്ന സാങ്കേതിക മാറ്റങ്ങളെക്കുറിച്ച് വകുപ്പ് അജ്ഞരാണ്. IIT's, NIT's, CUSAT തുടങ്ങിയ സ്ഥാപനങ്ങളിലെ ഗവേഷകർ സമർപ്പിച്ച OSH മേഖലയിലെ ഗവേഷണ റിപ്പോർട്ടുകൾ ഇതുവരെ ഫാക്ടറികളിലെ സുരക്ഷയും ആരോഗ്യവും മെച്ചപ്പെടുത്തുന്നതിന് വകുപ്പിന് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. OSH മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ഫാക്ടറി മാനേജ്മെന്റുകളുമായോ എൻഫോഴ്സ്മെന്റ് ഓഫീസർമാരുമായോ പങ്കിടാൻ നിലവിൽ ഒരു പ്ലാറ്റ്ഫോം ഇല്ല. ഈ സാഹചര്യം തരണം ചെയ്യുന്നതിനാണ് വകുപ്പ് ടി സ്കീമിന് രൂപം നൽകിയിട്ടുള്ളത്.

ഭാവിയിൽ ലോകത്താകമാനമുണ്ടാകാനിടയുള്ള ഒക്കുപേഷണൽ സേഫ്റ്റി ആൻഡ് ഹെൽത്ത് രംഗത്തെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് പുതിയ ഗവേഷണ സമീപനങ്ങൾ ഏറ്റവും

പ്രധാനമാണെന്ന് വകുപ്പ് ശക്തമായി ചിന്തിക്കുന്നു. ഗവേഷണ-വികസന ഘട്ടത്തിൽ നേടിയ അറിവ് നിലവിലുള്ള പ്രവർത്തനങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനും പരിഷ്ക്കരിക്കുന്നതിനും പുതിയ പ്രശ്ന പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനും ഉപകരിക്കും.

## പ്രധാന പ്രവർത്തനങ്ങൾ

1. ഉയർന്ന തലത്തിലുള്ള വൈദഗ്ധ്യം പങ്കിടാനും കെട്ടിപ്പടുക്കാനും അന്താരാഷ്ട്ര ഗവേഷണ പങ്കാളികളുടെ ഒരു ശൃംഖല സൃഷ്ടിക്കുക.
2. ജോലിസ്ഥലത്തെ ആരോഗ്യത്തിനും സുരക്ഷയ്ക്കും വേണ്ടി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾക്ക് വകുപ്പിന്റെ കണ്ടെത്തലുകൾ ആക്സസ് ചെയ്യാൻ കഴിയുന്നതിനും വിജ്ഞാന വിനിയോഗം സുഗമമാക്കുന്നതിനും വേണ്ടി ഒരു ഫ്രെയിം വർക്ക് വികസിപ്പിക്കുക.
3. നയങ്ങളെയും സമ്പ്രദായങ്ങളെയും ക്രിയാത്മകമായി സ്വാധീനിക്കുന്നതിന് വേണ്ടി ഗവൺമെന്റിനും വ്യവസായത്തിനും പ്രയോജനപ്രദമായ പുതിയ കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുക

## പ്രവർത്തന രീതികൾ

1. ജോലിസ്ഥലത്തെ സുരക്ഷിതത്വം, ആരോഗ്യം, എർഗണോമിക് ഘടകങ്ങൾ, ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ, ശുചിത്വം, പരിസ്ഥിതി എന്നിവയെ സംബന്ധിച്ച് പഠനങ്ങളും സർവേകളും നടത്തുന്നു.
2. തൊഴിൽ സുരക്ഷയിലും ആരോഗ്യത്തിലും ഉടലെടുത്തിട്ടുള്ള പുതിയ പ്രശ്നങ്ങൾ കണ്ടുപിടിക്കുന്നതിന് പ്രത്യേക ഗവേഷണങ്ങളും പരീക്ഷണങ്ങളും നടത്തുക.
3. തൊഴിൽ സുരക്ഷ, ജോലിസ്ഥലത്തെ ആരോഗ്യം, പരിസ്ഥിതി, തൊഴിൽപരമായ പരിക്കുകളും തൊഴിൽജന്യ രോഗങ്ങളും അവയുടെ കാരണങ്ങളും എന്നിവയെക്കുറിച്ചുള്ള വിവരശേഖരണത്തിനും വിശകലനത്തിനുമുള്ള സംവിധാനം.
4. റിസ്ക് അസസ്മെന്റ് , സേഫ്റ്റി & ഹെൽത്ത് ഇംപാക്ട് അസസ്മെന്റ് പഠനങ്ങൾ നടത്തുക, വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ ചട്ടക്കൂടുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ രൂപപ്പെടുത്തുക.

5. തൊഴിൽപരമായ രോഗങ്ങളുടെയും പരിക്കുകളുടെയും കാരണങ്ങൾ നിർണ്ണയിക്കുന്നതിനും, പുതിയതും ഉയർന്നുവരുന്നതുമായ തൊഴിൽ അപകടങ്ങളെ തിരിച്ചറിയുന്നതിനും അവ തടയുന്നതിനും ജോലിസ്ഥലത്തെ ആരോഗ്യ, സുരക്ഷാ അവസ്ഥകൾ വിശകലനം ചെയ്ത് പഠനങ്ങൾ നടത്തി തൊഴിൽ സുരക്ഷാ മാതൃക വികസിപ്പിക്കുക.

6. വേരിയബിളുകൾ പരിഷ്ക്കരിച്ച് നിലവിലുള്ള OSH സിസ്റ്റം മെച്ചപ്പെടുത്തി തൊഴിലിടങ്ങളിൽ OSH-നെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും മാനേജ്മെന്റിന് ഒരു ഉപദേശകൻ ആയി പ്രവർത്തിക്കുക.

7. Vision Zero ക്ക് അനുസരിച്ച് ജോലിസ്ഥലത്ത് ഒക്കുപേഷണൽ സേഫ്റ്റി മാതൃക വികസിപ്പിക്കുക

കുസാറ്റ് പോലുള്ള വിവിധ സർവകലാശാലകളിൽ നിന്നുള്ള വിദഗ്ധ സംഘത്തെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിക്കാൻ വകുപ്പ് പദ്ധതിയിടുന്നു. അതിലൂടെ കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രബന്ധം നൽകുന്നതിനും പ്രധാന എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന് പുറമെ ഒരു സഹായിയായി പ്രവർത്തിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു.

## 4. <u>Occupational Health & Research Centre in Kannur District</u>

നിലവിൽ കേരളത്തിൽ തൊഴിൽജന്യരോഗ നിർണ്ണയ പഠനങ്ങൾക്കായി തെക്കൻ കേരളത്തിൽ സ്ഥിതി ചെയ്യുന്ന " ഒക്കുപേഷണൽ ഹെൽത്ത് & റിസർച്ച് സെന്റർ " എന്ന സ്ഥാപനം മാത്രമാണുള്ളത്. അത്, പ്രത്യേകിച്ച് കശുവണ്ടി, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിൽ തൊഴിലധിഷ്ഠിത രോഗപഠനങ്ങൾ നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പക്ഷേ MAH ഫാക്ടറികൾ ഉൾപ്പെടെ നിരവധി ഫാക്ടറികൾ പ്രവർത്തിക്കുന്ന വടക്കൻ കേരളത്തിൽ ഈയൊരു പഠനം പൂർണമായും അവഗണിക്കപ്പെട്ടിരിക്കുകയാണ്. ഈ നിർണായക സാഹചര്യം ഒഴിവാക്കുന്നതിനായി ഒരു സംവിധാനമാണ് പ്രസ്തുത സ്കീമിലൂടെ ലക്ഷ്യമിടുന്നത്.

അതിനായി കണ്ണൂർ ജില്ലയിൽ ഒരു ഒക്കുപേഷണൽ ഹെൽത്ത് & റിസർച്ച് സെന്റർ (OHRC) സ്ഥാപിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു. ഇത് ഒരു സമഗ്ര തൊഴിൽ ആരോഗ്യ സേവന കേന്ദ്രമായി പ്രവർത്തിപ്പിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്ന് തൊഴിൽപരമായ ആരോഗ്യ സർവേ നടത്തി തൊഴിലാളികളുടെ ആരോഗ്യ നില നിരീക്ഷിക്കുകയും തൊഴിൽപരമായ രോഗങ്ങളുടെ അനന്തരഫലങ്ങളിൽ നിന്ന് അവരെ തടയുകയും ചെയ്യുക എന്നുള്ളതാണ്. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഈ മേഖലയിൽ പഠനങ്ങൾ നടത്തി തൊഴിൽപരമായ രോഗങ്ങളിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കുന്നതിന് വ്യവസായശാലകൾ പാലിക്കേണ്ട ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ/മാനദണ്ഡങ്ങൾ നടപ്പിലാക്കുവാൻ മുൻകൈയെടുക്കുന്നതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് തന്നെ പദ്ധതി വിജയകരമായി പൂർത്തീകരിച്ച് നാഷണൽ അക്രഡിറ്റേഷൻ നേടുക എന്ന ഉദ്ദേശത്തോട് കൂടിയാണ് പ്രസ്തുത സ്കീം വിഭാവനം ചെയ്തിരിക്കുന്നത്.

**Occupational Health & Research Centre ലൂടെ താഴെ പറയുന്ന സേവനങ്ങൾ നൽകാൻ കഴിയും**

1. അപകടകരമായ പ്രവർത്തനങ്ങളിലും നിർമ്മാണ പ്രക്രിയയിലും ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ആനുകാലിക മെഡിക്കൽ പരിശോധന.

2. വ്യാവസായിക യൂണിറ്റുകളിൽ നിന്ന് ഉണ്ടാകാനിടയുള്ള തൊഴിൽജന്യ രോഗത്തിന്റെ സാധ്യതയെക്കുറിച്ച് അന്വേഷിക്കുകയും പഠിക്കുകയും ചെയ്യുക.

3. കെമിക്കൽ, പെട്രോ കെമിക്കൽ വ്യവസായങ്ങൾ ഉൾപ്പെടെയുള്ള MAH ഫാക്ടറികളിൽ മെഡിക്കൽ പരിശോധനകളും ഇടവിട്ടുള്ള മെഡിക്കൽ പരിശോധനയും നടത്തുക.

4. മാനേജ്മെന്റിനും തൊഴിലാളികൾക്കും തൊഴിൽപരമായ ആരോഗ്യ അവബോധം നൽകുകയും കേരളത്തിലെ മെഡിക്കൽ ഓഫീസർമാർക്കായി AFIH, DIH പോലുള്ള വിവിധ തൊഴിൽ ആരോഗ്യ കോഴ്സുകൾ നടത്തുകയും മെഡിക്കൽ ബിരുദധാരികൾക്കായി രാജ്യത്തെ മെഡിക്കൽ സർവ്വകലാശാലകളുമായി സഹകരിച്ച് ഒരു ഗവേഷണ കേന്ദ്രമായി പ്രവർത്തിക്കുകയും ചെയ്യുക.

5. ഹെൽത്ത് സർവീസസ്, മെഡിക്കൽ എജ്യുക്കേഷൻ, IMS, NHM എന്നിവയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ എല്ലാ മെഡിക്കൽ ഓഫീസർമാർക്കും OHS ൽ പരിശീലനം നൽകുക.

6. തൊഴിലാളികളുടെ തൊഴിൽപരമായ ആരോഗ്യനില നിരീക്ഷിക്കുന്നതിനും തൊഴിൽപരമായ രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ടിയുള്ള ഒക്യുപേഷണൽ ഹെൽത്ത് സർവേ നടത്തുക.

7. തൊഴിൽപരമായ ആരോഗ്യ അപകടങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും വകുപ്പിന്റെ ഉപദേശ നിർവ്വഹണ വിഭാഗത്തിന്റെ ഇടപെടൽ നടത്തുക.

8. NIOH അഹമ്മദാബാദ്, സെൻട്രൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ട് മുംബൈ, മറ്റ് റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവരുമായി സഹകരിച്ച് വ്യാവസായിക മേഖലയിൽ ആരോഗ്യവും സുരക്ഷയും സംബന്ധിച്ച് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും വികസിപ്പിക്കുക.

9. ഗവേഷണ ആവശ്യങ്ങൾക്കായി ഒക്യുപേഷണൽ ഹെൽത്ത് സർവേകൾ നടത്തുക. ILO, WHO തുടങ്ങിയ ദേശീയ അന്തർദേശീയ സംഘടനകൾ, ഗവേഷണ സ്ഥാപനങ്ങൾ, ഗവൺമെന്റുകൾ എന്നിവയുടെ

പ്രയോജനത്തിനായി സംസ്ഥാനത്തെ തൊഴിൽപരമായ ആരോഗ്യ നിലയുമായി ബന്ധപ്പെട്ട ഡാറ്റ പ്രസിദ്ധീകരിക്കുക.

10. ഈ OHRC തൊഴിൽപരമായ രോഗങ്ങൾ കണ്ടെത്തുന്നതിന് ഒരു "റഫറൽ സെന്റർ" ആയും പ്രവർത്തിക്കും; സംശയമുണ്ടാകുന്ന സാഹചര്യത്തിൽ അത് അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്യുപേഷണൽ ഹെൽത്തിലേക്കോ മുംബൈയിലെ സെൻട്രൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ടിലേക്കോ റഫർ ചെയ്യപ്പെടും, അവരുടെ അഭിപ്രായം അന്തിമമായിരിക്കും.

11. സംസ്ഥാനത്ത് ഇതിനകം സ്ഥാപിതമായ ഒക്യുപേഷണൽ ഹെൽത്ത് ആൻഡ് റിസർച്ച് സെന്റർ, കൊല്ലം, ഇൻഡസ്ട്രിയൽ ഹൈജീൻ ലാബ്, കൊല്ലം, ഒക്യുപേഷണൽ സേഫ്റ്റി ആൻഡ് ഹെൽത്ത് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, എറണാകുളം എന്നിവയുടെ ഒരു അപെക്സ് കൺസൾട്ടേഷൻ സെന്ററായി ഇത് പ്രവർത്തിക്കും. OHRC, സ്ഥാപിതമായിക്കഴിഞ്ഞാൽ, നിലവിലുള്ള സ്ഥാപനങ്ങൾക്ക് സംസ്ഥാനതലത്തിൽ പ്രവർത്തിക്കാൻ കഴിയും, ഇത് ജീവനക്കാർക്കും വ്യവസായത്തിനും എളുപ്പത്തിൽ എത്തിച്ചേരാനും അത്യാധുനിക സേവനവും ഉറപ്പാക്കുന്ന ശക്തമായ ഒരു ശൃംഖല സൃഷ്ടിക്കുന്നു. തൊഴിലാളികൾക്ക് സേവനങ്ങൾ കൂടുതൽ പ്രാപ്യമാക്കുന്നതിന് നിലവിലുള്ള ESI ഡിസ്പെൻസറികളുമായി സഹകരിച്ച് ജില്ലാതലങ്ങളിൽ സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

12. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ തൊഴിൽ രോഗങ്ങളുടെ വ്യാപനത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ സമാഹരിക്കുക.

13. വിജ്ഞാപനം ചെയ്യപ്പെട്ട രോഗങ്ങളുടെ പട്ടികയിൽ ഭേദഗതികൾ വരുത്താൻ, യോഗ്യതയുള്ള അധികാരിയെയോ നിയമസഭാംഗങ്ങളെയോ പ്രാപ്തരാക്കുക.

14. തൊഴിൽപരമായ രോഗങ്ങളുടെ ഇരകൾക്ക് മികച്ച വൈദ്യസഹായവും പുനരധിവാസവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികളിൽ പരമാവധി അപകടങ്ങൾ കുറച്ച് UN SDG 8.0 ഗോൾ കൈവരിക്കുക എന്നതാണ് വകുപ്പിന്റെ മൗലികമായ ലക്ഷ്യം. ഉൽപ്പാദനക്ഷമതയിൽ വർദ്ധനവുണ്ടാക്കാതെ

ഒരു രാജ്യത്തിനും സാമ്പത്തിക ഭദ്രത കൈവരിക്കാൻ കഴിയുകയില്ല എന്ന തിരിച്ചറിവ് വകുപ്പിനുണ്ട്. വ്യാവസായിക മേഖലയ്ക്ക് ഇക്കാര്യത്തിൽ പ്രധാന പങ്ക് വഹിക്കാനാകും. അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് വളരെയധികം സംഭാവന ഈ മേഖലയ്ക്ക് ചെയ്യാനാകും. അതുകൊണ്ട് ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്ന ഉത്തരവാദിത്തം വകുപ്പിനുണ്ട്. അതിനാൽ ഫാക്ടറീസ് ആക്ടും റൂളും നടപ്പിലാക്കുന്നതോടൊപ്പം ഒരു facilitator ആയും പ്രവർത്തിക്കുന്നു. ആഗോളതലത്തിൽ അടുത്തിടെയുണ്ടായ മാറ്റങ്ങൾ കാണിക്കുന്നത് നിലവിലെ സംവിധാനത്തിന് വളരെയധികം പരിഷ്കാരങ്ങൾ നടത്തേണ്ടതായിട്ടുണ്ട് എന്നതാണ്. അതനുസരിച്ച് വകുപ്പ് പുതിയ പരിപാടികൾ ആസൂത്രണം ചെയ്ത് നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കുവാൻ പദ്ധതിയിടുന്നു.

**(ഒപ്പ്)**
**ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ**